# ആരോഗ്യ കേരളം

arogyakeralam newsletter

February 2025

Follow us on

arogyakeralam.gov.in

# "രോഗത്തെയാണ് അകറ്റേണ്ടത് രോഗികളെയല്ല"



## കുഷ്ഠരോഗത്തെ പൂർണ്ണമായും തുടച്ചു നീക്കും



ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'അശ്വമേധം 6.0' ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിർവഹിക്കുന്നു.

തിരുവനന്തപുരം

### അശ്വമേധം 6.0: കുഷ്ഠരോഗ നിർണയ ഭവന സന്ദർശനം ആരംഭിച്ചു


**സംസ്ഥാനത്ത്** നിന്നും കുഷ്ഠരോഗത്തെ പൂർണമായും തുടച്ചുനീക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സമൂഹത്തിൽ മറഞ്ഞു കിടക്കുന്ന കുഷ്ഠരോഗത്തെ ഗൃഹ സന്ദർശനത്തിലൂടെ കണ്ടുപിടിച്ച് രോഗനിർണയം നടത്തി ചികിത്സ ലഭ്യമാക്കുകയാണ് അശ്വമേധം കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. നമ്മുടെ സംസ്ഥാനം കുഷ്ഠരോഗ നിർമാർജനത്തിന്റെ വക്കിലാണുള്ളത്. രാജ്യത്ത് ഏറ്റവും കുറവ് കുഷ്ഠ രോഗികളുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിലെ സുശക്തമായ പൊതുജനാരോഗ്യ സംവിധാനത്തിന്റേയും പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടേയും ഭാഗമായാണ് ഇത് കൈവരിക്കാനായത്. കൃത്യമായ നയത്തിന്റേയും വീക്ഷണത്തിന്റേയും അടിസ്ഥാനത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സുശക്തമായിട്ടുള്ളതാണെന്നും മന്ത്രി വ്യക്തമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'അശ്വമേധം 6.0' ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

അശ്വമേധം ക്യാമ്പയിനിലൂടെ പുതിയ രോഗികളെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നു. അശ്വമേധത്തിലൂടെ 2018ൽ സംസ്ഥാനത്ത് പുതുതായി കണ്ടെത്തിയ കുഷ്ഠരോഗികളുടെ എണ്ണം 783 ആയിരുന്നു. കോവിഡ് മഹാമാരി അക്കാലത്ത് ഈ ക്യാമ്പയിന് തടസമായി. 2022–23 കാലത്ത് ക്യാമ്പയിൻ വീണ്ടും ആരംഭിച്ചു. അന്ന് 559 കേസുകൾ റിപ്പോർട്ട് ചെയ്തു. 2024–25ൽ 486 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. കേസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2022–23ലും 2023–24ലും 10,000ൽ 0.15% ആണ് കുഷ്ഠരോഗത്തിന്റെ പ്രിവിലൻസ് നിരക്ക്. 2024–25ൽ അത് 0.11% ആയി കുറഞ്ഞിട്ടുണ്ട്.

കുട്ടികളിൽ കുഷ്ഠരോഗം ഉണ്ടോ എന്ന് കണ്ടെത്തുന്നതിന് വലിയൊരു ക്യാമ്പയിൻ ആരംഭിച്ചു. അതിന്റെ കണക്ക് പരിശോധിച്ചാലും രോഗികളുടെ എണ്ണം കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. 2022–23ൽ 33 കുഞ്ഞുങ്ങൾക്കും 2023–24ൽ 30 കുഞ്ഞുങ്ങൾക്കും രോഗമുള്ളതായി കണ്ടെത്തി. 2024–25ൽ 19 കുഞ്ഞുങ്ങളെ കണ്ടെത്തി. കുഞ്ഞുങ്ങളിൽ രോഗം കണ്ടെത്തുന്നു എന്നത് മുതിർന്നവരിൽ കുഷ്ഠരോഗം മറഞ്ഞിരിക്കുന്നു എന്നാണ് കാണിക്കുന്നത്.

ആർദ്രം ആരോഗ്യം വാർഷികാരോഗ്യ പരിശോധനയുടെ ഭാഗമായും കുഷ്ഠരോഗ പരിശോധന നടത്തി വരുന്നു. തൊലിപ്പുറത്തെ നിറം മങ്ങിയ പാടുകൾ, വ്യത്യാസങ്ങൾ തുടങ്ങിയവയെല്ലാം ശ്രദ്ധിക്കണം. തൊലിയുടെ സ്പർശന ക്ഷമതയാണ് പരിശോധിക്കുന്നത്. പരിശോധിച്ച് കുഷ്ഠരോഗമല്ല എന്ന് ഉറപ്പാക്കുകയാണ് ചെയ്യുന്നത്. രോഗത്തെയാണ് അകറ്റേണ്ടത് രോഗികളെയല്ല. തോപ്പിൽ ഭാസിയുടെ പ്രശസ്ത നാടകത്തിൽ പറയുന്ന 'രോഗം ഒരു കുറ്റമാണോ' എന്ന ചോദ്യം പതിറ്റാണ്ടുകൾക്കിപ്പുറവും ഓർമ്മിക്കേണ്ടി വരുന്നു. അവബോധ പ്രവർത്തനങ്ങൾക്ക് നഴ്സിംഗ് വിദ്യാർത്ഥികൾ ഉൾപ്പെടെ രംഗത്തെത്തുന്നത് അഭിമാനമുള്ള കാര്യമാണ്. ആരോഗ്യ മേഖലയിൽ സമർപ്പിതമായ സേവനം അനുഷ്ഠിക്കുന്ന എല്ലാ ആരോഗ്യ പ്രവർത്തകരേയും മന്ത്രി അഭിനന്ദിച്ചു.

നഗരസഭാ ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ഗായത്രി ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, സ്റ്റേറ്റ് ലെപ്രസി ഓഫീസർ ഡോ. ഷീജ എ.എൽ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. പ്രീതി ജയിംസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ എന്നിവർ പങ്കെടുത്തു.



ചരിത്ര മുന്നേറ്റം

## 200 ആശുപത്രികൾ ദേശീയ ഗുണനിലവാരത്തിൽ



ആലപ്പുഴ ജനറൽ ആശുപത്രി


തിരുവനന്തപുരം: സംസ്ഥാനത്തെ 200 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്) സർട്ടിഫിക്കേഷൻ ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പുതുതായി 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതോടെയാണ് ഈ ചരിത്ര നേട്ടം കൈവരിച്ചത്. മികച്ച സ്കോറോടെയാണ് സംസ്ഥാനത്തെ പല ആരോഗ്യ സ്ഥാപനങ്ങളും ഈ നേട്ടം കൈവരിച്ചത്. ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനായി സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ നേട്ടം കൈവരിക്കാനായതെന്നും മന്ത്രി വ്യക്തമാക്കി.

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ കുടുംബാരോഗ്യ കേന്ദ്രം 94.92 ശതമാനം സ്കോറും, വയനാട് ജില്ലയിലെ വെങ്ങപ്പള്ളി കുടുംബാരോഗ്യ കേന്ദ്രം 89.65 ശതമാനം സ്കോറും, വയനാട് ജില്ലയിലെ മുത്തങ്ങ ജനകീയ ആരോഗ്യ കേന്ദ്രം 88.86 ശതമാനം സ്കോറും കൈവരിച്ചാണ് എൻ.ക്യു.എ.എസ്. നേടിയെടുത്തത്. ഇതോടെ 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 135 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടി. ബാക്കിയുള്ള സ്ഥാപനങ്ങളെ കൂടി മിഷൻ അടിസ്ഥാനത്തിൽ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ശ്രമമാണ് നടന്നു വരുന്നത്.

2023ൽ ഈ സർക്കാരിന്റെ കാലത്താണ് ആർദ്രം മിഷന്റെ ഭാഗമായി 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കിയത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളും ആരോഗ്യ സേവനങ്ങളും 36 ഇനം മരുന്നുകളും 10 തരം ലാബ് പരിശോധനകളും ലഭ്യമാക്കുന്നു. ഇതിലൂടെ വാർഡ് തലം മുതലുള്ള ആരോഗ്യ സേവനങ്ങൾ ശാക്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് നാല് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിച്ച എൻ.ക്യു.എ.എസ് അംഗീകാരം.

## 'അശ്വമേധം 6.0'

'അശ്വമേധം 6.0' ഉദ്ഘാടനത്തിന് മുന്നോടിയായി ജനറൽ ആശുപത്രി പരിസരത്ത് ഫ്ലാഷ് മോബും ബോധവൽക്കരണ പരിപാടികളും മനോഹരമായി സംഘടിപ്പിച്ച സിമെറ്റ് കോളേജ് വിദ്യാർത്ഥികൾ ആരോഗ്യ വകുപ്പ് മന്ത്രിയോടൊപ്പം











# എട്ട് പേർക്ക് പുതുജീവനേകി അലൻ യാത്രയായി



തിരുവനന്തപുരം: പുതുവർഷദിനം ബാംഗ്ലൂരിൽ നടന്ന റോഡ് അപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച മലയാളി വിദ്യാർത്ഥി അലൻ അനുരാജിന്റെ അവയവങ്ങൾ എട്ട് പേരിലൂടെ ജീവിക്കും. ആറ് പ്രധാന അവയവങ്ങളും 2 കണ്ണുകളുമാണ് ദാനം ചെയ്തത്. ഹൃദയം, രണ്ട് വൃക്കകൾ, പാൻക്രിയാസ്, ശ്വാസകോശം, കരൾ, നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. അവയവങ്ങൾ കർണാടകയിലെ വിവിധ ആശുപത്രികൾക്ക് കൈമാറി. മരണാനന്തര അവയവദാനത്തിന് നേതൃത്വം നൽകുന്ന കർണാടക സർക്കാരിന്റെ 'ജീവാർത്ഥകത്തേ'യുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടി ക്രമങ്ങളും സ്വീകർത്താക്കളെ കണ്ടെത്തലും കാര്യക്ഷമമായി നടന്നത്. തീവ്ര ദുഃഖത്തിലും മറ്റൊരു സംസ്ഥാനത്ത് നിന്ന് മരണാനന്തര അവയവദാനത്തിന് തയ്യാറായി എട്ട് പേർക്ക് പുതു ജീവൻ നൽകാൻ സന്നദ്ധരായ അലന്റെ കുടുംബത്തിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു.

എറണാകുളം പുത്തൻവേലിക്കര സ്വദേശിയായ അനുരാജ് തോമസിന്റെയും ബിനി അനുരാജിന്റെയും മകനായ അലൻ അനുരാജ് (19 വയസ്), ബാംഗ്ലൂർ സപ്തഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ ഫിസിയോതെറാപ്പി ഒന്നാം വർഷ വിദ്യാർത്ഥിയായിരുന്നു. 2025 ജനുവരി ഒന്നിന് ബാംഗ്ലൂരിൽ വച്ച് നടന്ന ബൈക്ക് അപകടത്തിൽ ഗുരുതര പരിക്കേറ്റ അലനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല. തുടർന്ന് യശ്വന്ത്പൂർ സ്പർശ് ആശുപത്രിയിൽ മസ്തിഷ്ക മരണം സംഭവിച്ചതിനെ തുടർന്ന്, അലന്റെ കുടുംബം അവയവദാനത്തിന് സമ്മതിക്കുകയായിരുന്നു.

അമൽ, ആൽവിൻ എന്നിവർ സഹോദരങ്ങളാണ്.

## തൈക്കാട് ആശുപത്രിയിൽ വിവിധ പദ്ധതികൾ തുടങ്ങി

# സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സാ ഹബ്ബായി തിരുവനന്തപുരം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: സ്ത്രീകളുടേയും കുട്ടികളുടേയും ചികിത്സാ ഹബ്ബായി തിരുവനന്തപുരം മാറുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രസവം നടക്കുന്ന ആശുപത്രികളിൽ മികച്ച സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി കേന്ദ്രം ഉയർത്തി. ഇങ്ങനെ രാജ്യത്തെ പത്ത് ആശുപത്രികളിൽ ഒന്നായത് സുപ്രധാന നേട്ടമാണ്. സംസ്ഥാനത്ത് ആദ്യമായി എസ്.എ.ടി.യിൽ ജനറ്റിക്സ് വിഭാഗം ആരംഭിക്കുകയും സി.ഡി.സിയിൽ ജനറ്റിക്സ് ലാബ് സജ്ജമാക്കുകയും ചെയ്തു. പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. രാജ്യത്ത് സർക്കാർ മേഖലയിൽ എയിംസിന് ശേഷം രണ്ടാമതായി എസ്.എ.ടി. ആശുപത്രിയിൽ ഫീറ്റൽ മെഡിസിൻ വിഭാഗം ആരംഭിക്കുന്നു. പ്രസവം കഴിഞ്ഞ് സൗജന്യമായി അമ്മയേയും കുഞ്ഞിനേയും വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി വിജയകരമായി നടക്കുന്നു. വന്ധ്യതാ ചികിത്സയ്ക്കും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ ഒന്നാണ് തൈക്കാട് സ്ത്രീകളുടേയുംകുട്ടികളുടേയുംആശുപത്രി. 200ലധികം വർഷം പഴക്കമുള്ള ഈ ആശുപത്രി സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശ്രയ കേന്ദ്രമാണ്. ഇവിടെ പുതിയ കാലഘട്ടത്തിന് അനുസൃതമായ ശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നത്.



> 200ലധികം വർഷം പഴക്കമുള്ള ഈ ആശുപത്രി സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശ്രയ കേന്ദ്രമാണ്

ആശുപത്രിയിൽ നേരത്തെയുണ്ടായിരുന്ന സൗകര്യങ്ങൾ ഇരട്ടിയായി വർധിപ്പിച്ചു. ലക്ഷ്യ ലേബർ റൂം, നവജാത ശിശു പരിപാലന വിഭാഗം, ഒ.പി, അത്യാഹിത വിഭാഗം എന്നിവ അത്യാധുനിക സംവിധാനങ്ങളോടെ നവീകരിച്ചു.

2.2 കോടി രൂപ വിനിയോഗിച്ചാണ് ലക്ഷ്യ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ലേബർ റൂം സജ്ജമാക്കിയത്. നേരത്തെ 5 പ്രസവങ്ങൾ മാത്രം നടത്താൻ സൗകര്യമുണ്ടായിരുന്നിടത്ത് 20 പ്രസവങ്ങൾ നടത്താൻ സൗകര്യമുള്ള ക്യൂബിക്കിളുകളാണ് സജ്ജമാക്കിയിട്ടുള്ളത്. ഇതിൽ ന്യൂ ബോൺ റീസസ്സിറ്റേഷൻ, ന്യൂ ബോൺ കെയർ കോർണർ എന്നിവ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയോളം വിനിയോഗിച്ചാണ് നവജാത ശിശു പരിപാലന വിഭാഗം നവീകരിച്ചത്. നവജാത ശിശു പരിപാലന വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളുള്ള 10 ബെഡ്ഡുകൾ ഉൾപ്പെടുന്ന ഇൻബോൺ നഴ്സറി, ട്രയേജ്, ബ്രസ്റ്റ് ഫീഡിംഗ് റൂം, കൗൺസിലിംഗ് വിഭാഗം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി 1 കോടി രൂപ ചെലവഴിച്ചാണ് ഒ.പി, അത്യാഹിത വിഭാഗം എന്നിവ നവീകരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ആന്റണി രാജു എം.എൽ.എ. മാസ്റ്റർ പ്ലാൻ സമർപ്പിച്ചു. എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, കൗൺസിലർമാരായ കൃഷ്ണകുമാർ എസ്, മാധവദാസ് ജി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ്, ആശുപത്രി സൂപ്രണ്ട് ഡോ. കെ.കെ. ശാന്ത, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സ്വപ്നകുമാരി ജെ., ആർ.സി.എച്ച് ഓഫീസർ ഡോ. വി. കൃഷ്ണവേണി, ആശുപത്രി വികസന സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം മെഡിക്കൽ കോളേജിന് സെന്റർ ഓഫ് എക്സലൻസ്

# ആദ്യ ഘട്ടത്തിൽ അനുവദിച്ചത് 4 കോടി

### ട്രോമ & ബേൺസ് രംഗത്ത് സ്റ്റേറ്റ് അപെക്സ് സെന്ററായി പ്രവർത്തിക്കും




തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളേജിന്റെ എമർജൻസി മെഡിസിൻ വിഭാഗത്തെ ട്രോമ കെയറിന്റേയും ബേൺസ് ചികിത്സയുടേയും സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഔദ്യോഗിക അറിയിപ്പ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചു. പരിക്കുകളുടേയും പൊള്ളലിന്റേയും പ്രതിരോധത്തിനും മാനേജ്മെന്റിനുമുള്ള ദേശീയ പരിപാടിയുടെ (NPPMT&BI) ഭാഗമായാണ് രാജ്യത്തെ 8 പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളെ സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തത്. ട്രോമ, ബേൺസ് പരിചരണത്തിനായി കേന്ദ്ര സർക്കാർ ആദ്യമായി പ്രഖ്യാപിച്ച സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ തന്നെ ഇടം പിടിക്കാൻ കേരളത്തിനായി. ഡൽഹി എയിംസ്, ഡൽഹി സഫ്ദർജംഗ്, പുതുച്ചേരി ജിപ്മർ, പിജിഐ ചിഗഢ് തുടങ്ങിയ രാജ്യത്തെ പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെട്ടത്. സെന്റർ ഓഫ് എക്സലൻസ് പ്രകാരം ഓരോ വർഷവും രണ്ടു കോടി രൂപ വീതം മെഡിക്കൽ കോളേജിന് ലഭിക്കും. 2024–25 വർഷത്തിൽ 2 കോടിയും 2025–26 വർഷത്തിൽ 2 കോടിയും ഉൾപ്പെടെ 4 കോടി രൂപ ലഭ്യമാകുന്നതാണ്.

സംസ്ഥാനത്തെ ട്രോമ, ബേൺസ് ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്താൻ സെന്റർ ഓഫ് എക്സലൻസിലൂടെ സാധിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. എമർജൻസി കെയറിന്റേയും ബേൺസ് കെയറിന്റേയും സ്റ്റേറ്റ് അപെക്സ് സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രവർത്തിക്കും. പരിശീലനം, സ്കിൽ ഡെവലപ്മെന്റ്, ഗവേഷണം, നൂതനാശയങ്ങൾ, സാങ്കേതികവിദ്യ, നവീന രീതികൾ പിന്തുടരൽ, അവബോധം, ഉപകരണങ്ങൾ എന്നിവയ്ക്കായിരിക്കും സെന്റർ ഓഫ് എക്സലൻസ് തുക വിനിയോഗിക്കുക. സംസ്ഥാനത്ത് സമഗ്ര എമർജൻസി & ട്രോമകെയർ സംവിധാനത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പായിരിക്കുമിതെന്നും മന്ത്രി വ്യക്തമാക്കി.




## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി സി), ഇടുക്കി

**ധാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
ജെ.സി (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ.സി (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

# അർബുദത്തെ തുരത്താൻ പോത്തൻകോട് മോഡൽ



തിരുവനന്തപുരം: അർബുദത്തെ പേടിയോടെ കണ്ടിരുന്ന കാലം പോത്തൻകോടുകാർ മറന്നുതുടങ്ങി. പകരം അർബുദസാധ്യത ഉണ്ടോയെന്ന പരിശോധന കൃത്യമാക്കുകയും ചെയ്തു. ജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ പ്രയത്നിച്ചതാകട്ടെ ബ്ലോക്ക് പഞ്ചായത്തും. അർബുദരോഗ നിയന്ത്രണ രംഗത്ത് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എത്രത്തോളം ഫലപ്രദമായി ഇടപെടാനാകുമെന്നതിന് ഉദാഹരണമാണ് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഫസ്റ്റ്ചെക്ക് പദ്ധതി. തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററുമായി സഹകരിച്ചാണിത് നടപ്പാക്കുന്നത്. 1994 മുതൽ കാൽനൂറ്റാണ്ടോളം മംഗലപുരത്ത് പ്രവർത്തിച്ചിരുന്ന അർബുദ നിർണയ കേന്ദ്രത്തിന്റെ പ്രവർത്തനം അവസാനിച്ചതോടെയാണ് പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്.

സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 13 ലക്ഷം രൂപയാണ് ഫസ്റ്റ് ചെക്ക് പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് ആർ.സി.സിയിൽ നിക്ഷേപിച്ചിട്ടുള്ളത്. 2022 ൽ ആരംഭിച്ച പദ്ധതിയിൽ മാസത്തിൽ രണ്ട് ക്യാമ്പ് വീതം സംഘടിപ്പിക്കുന്നുണ്ട്. 2025 ഓടെ 97 പഞ്ചായത്ത് വാർഡുകളിലും ക്യാമ്പിന്റെ സേവനം വ്യാപിപ്പിക്കാനാണ് തീരുമാനം. ആർ.സി.സിയിലെ മൂന്ന് ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. വിശദ പരിശോധന ആവശ്യമുള്ളവരെ ആർ.സി.സിയിലേക്ക് റഫർ ചെയ്യും. ആർ.സി.സിയിലെത്തുന്നവർക്ക് 10,000 രൂപവരെയുള്ള പരിശോധന ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് വഹിക്കും. ലൈബ്രറികൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുമായി സഹകരിച്ചാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

3 വർഷത്തെ 34 ക്യാമ്പുകളിലായി നാലായിരത്തോളം സ്ത്രീകൾ പരിശോധനയ്ക്കെത്തി. 499 പേർ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക പിന്തുണയോടെ ആർ.സി.സിയിൽ വിവിധ തരത്തിലുള്ള തുടർപരിശോധനയ്ക്കും വിധേയരായി. ക്യാൻസർ സ്ഥിരീകരിച്ച 15 പേർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നു. അർബുദ പ്രതിരോധ രംഗത്ത് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മുൻ നിർത്തി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഹരിപ്രസാദിനെ ആർ.സി.സി അനുമോദിച്ചു.

**പഠിക്കാൻ മുംബൈ ടാറ്റ മെമ്മോറിയൽ ആശുപത്രിയും**

ഫസ്റ്റ് ചെക്ക് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനെത്തുടർന്ന് മുംബൈ ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റൽ പോത്തൻകോടിനെ പഠിക്കാനുമെത്തി. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, കനേഡിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് റിസർച്ച് എന്നിവയുടെ സാമ്പത്തിക സഹായത്തോടെ സ്ത്രീകളിൽ കാണുന്ന ഗർഭാശയഗള ക്യാൻസർ ഉണ്ടാക്കുന്ന ഹ്യൂമൻ പാപ്പിലോമ വൈറസിന്റെ പഠനം നടത്തുന്നതിനാണ് ബ്ലോക്ക് പഞ്ചായത്തിനെ തെരഞ്ഞെടുത്തത്. 402 സ്ത്രീകളെ എച്ച്.പി.വി പരിശോധനയ്ക്ക് വിധേയരാക്കി. പരിശോധനയ്ക്കാവശ്യമായ സാമ്പിൾ സ്വയം ശേഖരിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കി. ഇവരിൽ 9 പേർക്ക് എച്ച്.പി.വി. അണുബാധയുള്ളതായും കണ്ടെത്തി.

# ആരോഗ്യ വകുപ്പിൽ 570 പുതിയ തസ്തികകൾ

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക ലക്ഷ്യം**



തിരുവനന്തപുരം: നിർമ്മാണം പൂർത്തിയാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് 570 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭ യോഗം അനുമതി നൽകി. അസിസ്റ്റന്റ് സർജൻ – 35, നഴ്സിംഗ് ഓഫീസർ ഗ്രേഡ് II 150, ഫാർമസിസ്റ്റ് ഗ്രേഡ് II 250, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II 135, എന്നിങ്ങനെയാണിത്. നിയമന നടപടികൾ പൂർത്തിയായ ശേഷം അടുത്തഘട്ടമായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കും.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആരോഗ്യ മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം കാരണമാണ് ഇത്രയും തസ്തികകൾ ഒന്നിച്ച് സൃഷ്ടിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. പ്രാഥമിക തലത്തിൽ തന്നെ ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി.

# ഇടുക്കിയുടെ 'മിടുക്കി' വൈറലാണ്







ഇടുക്കി: ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് പുതിയ ഉണർവേകികൊണ്ട് 'മിടുക്കി' യുവാക്കൾക്കിടയിൽ ശ്രദ്ധനേടുന്നു. ക്ഷയരോഗ നിവാരണത്തിന്റെ 100 ദിന കാമ്പയിൻ രാജ്യമൊട്ടാകെ നടക്കുമ്പോൾ ഇടുക്കിയിൽ 100 ദിന കർമ്മപരിപാടിയുടെ ചിഹ്നമാണ് മിടുക്കി. ജില്ലയിലെ ഏറ്റവും പ്രധാന കാർഷിക ഉത്പന്നങ്ങളിൽ ഒന്നായ ലോകമെമ്പാടും പ്രചാരത്തിലുള്ള ഏലക്കായുടെ മാതൃകയിലാണ് മിടുക്കിയെ ജില്ലാ ആരോഗ്യവകുപ്പ് രൂപകല്പന ചെയ്തിരിക്കുന്നത്. ക്ഷയരോഗ നിവാരണത്തിൽ പരമാവധി ആളുകളെ സ്ക്രീൻ ചെയ്യുന്നതിനുള്ള പ്രാധാന്യം ആണ് 'മിടുക്കി' എന്ന ചിഹ്നം ഉപയോഗിച്ചുകൊണ്ട് ജില്ലയിൽ പ്രചാരണം നടത്തുന്നത്. വിവിധ തലത്തിലുള്ള ഐ.ഇ.സി പ്രവർത്തനങ്ങളാണ് കാമ്പയിന്റെ ഭാഗമായി നടക്കുന്നത്. ഗ്രൂപ്പ് ചർച്ചകളിലൂടെയും വാഹനപ്രചരണത്തിലൂടെയും സോഷ്യൽ മീഡിയായിലൂടെയും രാഷ്ട്രീയ, സാമൂഹിക, കലാ രംഗങ്ങളിലെ പ്രമുഖർ ക്യാമ്പയിന്റെ ഭാഗമാകുന്നു. ജില്ലയുടെ പ്രതിനിധികളായി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശ ആന്റണി, ജില്ലാ കളക്ടർ വിഘ്നേശ്വരി വി ഐ.എ.എസ്, ചലച്ചിത്ര താരം ജാഫർ ഇടുക്കി ഉൾപ്പെടെ വിവിധ പ്രമുഖർ ക്യാമ്പയിന്റെ ഭാഗമായി ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നു. തുടർന്നും 'മിടുക്കി' യിലൂടെ ആരോഗ്യവകുപ്പിന്റെ വിവിധ ക്യാമ്പയിനുകൾ നടപ്പാക്കുന്നതിനാണ് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം.

# പുകയിലയോട് 'നോ' പറഞ്ഞ് അട്ടപ്പാടിയിലെ സ്കൂളുകൾ



> രാജ്യത്തുടനീളം 13 മുതൽ 15 വരെ പ്രായമുള്ള 8.5% സ്കൂൾ വിദ്യാർത്ഥികളും പുകയിലയുടെ വിവിധ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നു

പാലക്കാട്: സ്കൂളിലും പരിസരത്തും പുകയിലയെ പൂർണ്ണമായും പുറത്താക്കി പുകയില മുക്ത അംഗീകാരം നേടി അട്ടപ്പാടിയിലെ സ്കൂളുകൾ. വിദ്യാർത്ഥികളെയും യുവാക്കളെയും പുകയിലയോടുള്ള ആസക്തിയിൽ നിന്ന് സംരക്ഷിക്കുന്നതിന് ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം നടപ്പാക്കുന്ന പുകയിലരഹിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്യാമ്പയിന്റെ ഭാഗമായാണ് കോട്ടത്തറ ജി.യു.പി സ്കൂൾ, കോട്ടമല ജി.എൽ.പി സ്കൂൾ എന്നിവയ്ക്ക് പുകയില മുക്ത അംഗീകാരം ലഭിച്ചത്. ജില്ലാ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സ്കൂൾ, കലാലയ പരിസരങ്ങളിൽ നിന്നും പുകയില ഉൽപ്പന്നങ്ങളെ പൂർണ്ണമായും നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരികയായിരുന്നു. ഇതിന്റെ ഭാഗമായി 'കോട്പ' നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുറം മതിലിൽ നിന്ന് 100 മീറ്റർ ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിലക്കുകയും സർട്ടിഫിക്കേഷനുള്ള മാനദണ്ഡപ്രകാരം 'കോട്പ 2003 – പുകയില നിരോധിത മേഖല' എന്ന് മഞ്ഞ നിറത്തിൽ റോഡിൽ മാർക്ക് ചെയ്യുകയും വേണം. ജില്ലാ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ നൂറിൽ 97 മാർക്ക് നേടിയാണ് ഇരു വിദ്യാലയങ്ങൾക്കും അംഗീകാരം ലഭിച്ചത്. ഷോളയൂർ പഞ്ചായത്തിന് കീഴിൽ വരുന്ന ഈ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നേരത്തെ മുതൽ തന്നെ ലഹരിക്കെതിരായ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവന്നിരുന്നു. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പുകയില മുക്ത അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുമെന്ന് ഷോളയൂർ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം ആർ ജിതേഷ് അറിയിച്ചു.

ലോകമെമ്പാടുമുള്ള തടയാവുന്ന രോഗങ്ങളുടെയും മരണങ്ങളുടെയും പ്രധാന കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത് പുകയിലയുടെ ഉപയോഗമാണ്. ഗ്ലോബൽ യൂത്ത് ടുബാക്കോ സർവ്വേ 2019 ലെ കണക്കുകൾ പ്രകാരം രാജ്യത്തുടനീളം 13 മുതൽ 15 വരെ പ്രായമുള്ള 8.5 ശതമാനം സ്കൂൾ വിദ്യാർത്ഥികളും പുകയിലയുടെ വിവിധ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നു എന്നതാണ് ആശങ്കപ്പെടുത്തുന്ന യാഥാർത്ഥ്യം. ഇന്ത്യയിൽ പ്രതിദിനം 5500 ൽ അധികം കുട്ടികൾ പുകയില ഉപഭോഗം ആരംഭിക്കുന്നു എന്നും കണക്കുകൾ സൂചിപ്പിക്കുന്നു. പുകയില ഉപയോഗിക്കുന്ന മുതിർന്നവരിൽ ഭൂരിഭാഗവും, അവരുടെ കൗമാരത്തിൽ തന്നെ പുകയില ഉപയോഗം തുടങ്ങിയിരുന്നു. ഇവരിൽ 55 ശതമാനം ഉപയോക്താക്കളും ആജീവനാന്ത പുകയിലാസക്തിക്ക് അടിമപ്പെടുന്നു. രാജ്യത്ത് പ്രതിവർഷം 1.35 ദശലക്ഷം മരണങ്ങൾ പുകയില ഉപയോഗത്തെ തുടർന്ന് ഉണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സംഭവിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പുകയില ഉൽപ്പന്നങ്ങളോടുള്ള ആസക്തി നിയന്ത്രിക്കുന്നതിനും ഇതുമൂലം ഉണ്ടാകുന്ന വിപത്തുകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ആരോഗ്യകുടുംബ ക്ഷേമ മന്ത്രാലയം പുകയിലരഹിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ToFEI) ക്യാമ്പയിൻ നടപ്പാക്കുന്നത്.

# അതിഥി തൊഴിലാളികൾക്കായി സമഗ്ര രോഗ നിർണയ ക്യാമ്പ്



കോഴിക്കോട്: ദേശീയ നഗരാരോഗ്യ ദൗത്യത്തിന് കീഴിൽ വരുന്ന നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം കിണാശ്ശേരിയിൽ ജില്ലാ മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീമുമായി സഹകരിച്ച് സമഗ്ര രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. മലേറിയ, മന്ത്, ക്ഷയരോഗം, കുഷ്ഠരോഗം, വദനാർബുദം എന്നിവയുടെ പ്രാഥമിക പരിശോധനയും ബോധവത്ക്കരണവുമാണ് നടന്നത്. രാത്രി 8 മണി മുതൽ 11 മണി വരെ പൊക്കുന്ന് മർഹബ ഹാളിലാണ് ക്യാമ്പ് നടന്നത്. മെഡിക്കൽ ഓഫീസർ ഡോ. ലക്ഷ്മി പ്രിയയുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ ഡോ.ജഫ്രിക് ടി.കെ, ജെ.എച്ച്.ഐമാരായ ബിജുല, ഐശ്വര്യ, ആശാ വർക്കർമാരായ സന്ധ്യ, വിജയകുമാരി, രശ്മി, സജിത തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ മലേറിയ ഓഫീസർ കെ.പി റിയാസ്, വാർഡ് കൗൺസിലർമാർ, പൗര പ്രമുഖർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. നൂറിലധികം അതിഥി തൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തിരുന്നു. ആവശ്യമുള്ളവർക്ക് തുടർ ചികിത്സ ഉറപ്പാക്കുന്നുണ്ട്.

ജില്ലയിലെ മുഴുവൻ അതിഥി തൊഴിലാളികളെയും MIST ടീമും കൂടാതെ ആരോഗ്യ സ്ഥാപനങ്ങൾ വഴിയും പരിശോധിച്ച് സേവനങ്ങൾ നൽകുന്ന ബൃഹദ് പദ്ധതി ആവിഷ്കരിച്ച് വരികയാണ്.

# സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർധിച്ചു– മന്ത്രി വീണാ ജോർജ്



പത്തനംതിട്ട: കഴിഞ്ഞ എട്ടര വർഷത്തിനിടെ സംസ്ഥാനത്ത് ആരോഗ്യരംഗം ഏറെ മെച്ചപ്പെട്ടെന്നും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർധിച്ചതായും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഓതറ കുടുംബാരോഗ്യ കേന്ദ്രം പുതിയ ഒ.പി ബ്ലോക്ക് നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി 43 ലക്ഷം ഉപയോഗിച്ചാണ് ഒ.പി ബ്ലോക്ക് നിർമാണം. 4900 ചതുരശ്ര അടി കെട്ടിടം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 46 കോടിയുടെ നിർമാണം പുരോഗമിക്കുന്നു. പുതിയ വാർഡിനായി രണ്ട് കോടി രൂപ അനുവദിച്ചു. കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 30 കോടിയുടെ നിർമാണം നടക്കുന്നു. ഏപ്രിൽ – മെയ് മാസത്തോടെ പൂർത്തിയാകും. പത്തനംതിട്ട മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും മികച്ച നിലയിലാണ് പുരോഗമിക്കുന്നത്. ആറന്മുളയിൽ സഹകരണ എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട് പുതിയ നേഴ്സിംഗ് കോളേജ് അനുവദിച്ചിട്ടുണ്ട്. അടൂർ, റാന്നി താലൂക്ക് ആശുപത്രികളിൽ 15 കോടി രൂപയുടെ വികസനം നടപ്പിലാക്കുകയാണ്.

സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർധിക്കുന്ന സാഹചര്യമാണിത്. ലാബ് പരിശോധന എളുപ്പമാക്കുന്ന 'നിർണയ' പദ്ധതി ഈ വർഷത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കും. തിരുവനന്തപുരം ആർസിസിയിൽ റോബോട്ടിക് സർജറിയുണ്ട്. കരൾ, മജ്ജ മാറ്റിവയ്ക്കൽ സൗകര്യം കോട്ടയത്തും മലബാർ കാൻസർ സെന്ററിലും സജ്ജമാക്കി. ലോക കാൻസർ ദിനമായ ഫെബ്രുവരി നാല് മുതൽ മാർച്ച് എട്ടു വരെ 30 കഴിഞ്ഞ സ്ത്രീകൾക്ക് ബ്രെസ്റ്റ്, സെർവിക്കൽ കാൻസർ സ്ക്രീനിംഗ് ടെസ്റ്റ് നടത്താൻ ഉദ്ദേശിക്കുന്നു. ആരോഗ്യരംഗത്ത് കേരളത്തിന്റെ പ്രവർത്തനം വികസിത രാജ്യങ്ങൾക്ക് തുല്യമാണെന്ന് മന്ത്രി വ്യക്തമാക്കി.

ഇരവിപേരൂർ പഞ്ചായത്ത് പ്രസിഡന്റ് കെ ബി ശശിധരൻപിള്ള അധ്യക്ഷനായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതാ കുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ, ആർദ്രം മിഷൻ ജില്ലാ നോഡൽ ഓഫീസർ ഡോ. അംജിത്ത് രാജീവൻ, ഓതറ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. റ്റിറ്റു ജി സക്കറിയ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

### കോഴിക്കോട് മെഡിക്കൽ കോളേജിലും

# തലയോട്ടി തുറക്കാതെ ബ്രെയിൻ എ.വി.എം രോഗത്തിന് നൂതന ചികിത്സ



ട്രാൻസ് വീനസ് റൂട്ട് എമ്പോളൈസേഷൻ ചികിത്സ നടത്തിയ സംഘം

തിരുവനന്തപുരം: യുവാക്കളിൽ തലച്ചോറിൽ രക്തസ്രാവം ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നായ ബ്രെയിൻ എ.വി.എം (ആർട്ടീരിയോ വീനസ് മാൽഫോർമേഷൻ) രോഗത്തിനുള്ള പുതിയ ചികിത്സാ രീതി കോഴിക്കോട് മെഡിക്കൽ കോളേജിൽ വിജയം. മലപ്പുറം സ്വദേശിയായ 25 വയസുകാരനാണ് ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിന് കീഴിൽ ട്രാൻസ് വീനസ് റൂട്ട് എമ്പോളൈസേഷൻ എന്ന ചികിത്സ നടത്തിയത്. സംസാരശേഷി നഷ്ടപ്പെട്ട് ഒരു വശം തളർന്നാണ് രോഗിയെ എത്തിച്ചത്. ചികിത്സയ്ക്ക് ശേഷം ആരോഗ്യനില മെച്ചപ്പെട്ട രോഗിയെ ഡിസ്ചാർജ് ചെയ്തു. രാജ്യത്ത് വളരെ കുറച്ച് ആശുപത്രികളിൽ മാത്രമേ ഈ രീതിയിൽ ചികിത്സ വിജയകരമായി നടത്തിയിട്ടുള്ളൂ.

രക്താതിമർദം മൂലമോ പരുക്ക് മൂലമോ കാരണമല്ലാതെ തലച്ചോറിൽ രക്തസ്രാവമുണ്ടാക്കുന്ന ഒരു അസുഖമാണ് ബ്രെയിൻ എ.വി.എം. രക്തക്കുഴലുകൾ ജന്മനാ കെട്ടുപിണഞ്ഞു കിടക്കുന്ന ഈ അവസ്ഥയ്ക്ക് തലയോട്ടി തുറന്നുള്ള സങ്കീർണ ശസ്ത്രക്രിയയാണ് ചികിത്സ. തലയോട്ടി തുറക്കാതെ കാലിലെ രക്തക്കുഴൽ വഴി നടത്തുന്ന പിൻഹോൾ ചികിത്സയായ എമ്പോളൈസേഷൻ സാധാരണ രീതിയിൽ ട്രാൻസ് ആർടീരിയൽ റൂട്ട് വഴിയാണ് നടത്തുന്നത്. തലച്ചോറിലേക്ക് രക്തമെത്തിക്കുന്ന ധമനികളിലൂടെ കത്തീറ്റർ കടത്തി വിട്ടതിന് ശേഷം അമിത രക്തസ്രാവം തടയുന്നു. എന്നാൽ ട്രാൻസ് വീനസ് റൂട്ട് വഴി ചികിത്സിക്കുമ്പോൾ തലച്ചോറിൽ നിന്ന് തിരികെ രക്തം ഒഴുകി വരുന്ന സിരകളിലൂടെ (വെയിൻ) കത്തീറ്റർ കടത്തി വിട്ടാണ് ചികിത്സിക്കുന്നത്. ധമനികളിലൂടെ നടത്തുന്ന ചികിത്സയുടെ കൂടെ ട്രാൻസ് വീനസ് റൂട്ട് ചികിത്സ കൂടി കടന്നു വന്നതോടെ 95 ശതമാനം എ.വി.എം കേസുകളിലും തലയോട്ടി തുറക്കാതെയുള്ള എമ്പോളൈസേഷൻ ചികിത്സയിലൂടെ സുഖപ്പെടുത്താനാകും.

പ്രിൻസിപ്പൽ ഡോ. സജീത് കുമാർ, ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീജയൻ, അനസ്തീഷ്യ വിഭാഗം മേധാവി ഡോ. രാധ, റേഡിയോളജി വിഭാഗം മേധാവി ഡോ. ദേവരാജൻ, ന്യൂറോസർജറി വിഭാഗം മേധാവി ഡോ. ഷാജു മാത്യു എന്നിവരുടെ മേൽനോട്ടത്തിൽ ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റ് ഡോ. രാഹുൽ, അനസ്തെറ്റിസ്റ്റുമാരായ ഡോ. ആന്റോ, ഡോ. അതുൽ എന്നിവർ ചേർന്നാണ് ചികിത്സ നടത്തിയത്.

### ഹൃദയാഘാതം വന്ന 122 പേരുടെ ജീവൻ രക്ഷിച്ചു

# ശബരിമല: 3.35 ലക്ഷം തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകി



തിരുവനന്തപുരം: ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സജ്ജമാക്കിയ ആരോഗ്യ കേന്ദ്രങ്ങൾ വഴി 3,34,555 തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പമ്പ, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, സന്നിധാനം, നിലയ്ക്കൽ, റാന്നി പെരിനാട്, കോന്നി മെഡിക്കൽ കോളേജ് പ്രത്യേക വാർഡ്, പന്തളം, ചെങ്ങന്നൂർ, എരുമേലി എന്നീ ആശുപത്രികളിലൂടെ 2,52,728 തീർത്ഥാടകർക്കും പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലും സജ്ജമാക്കിയ എമർജൻസി മെഡിക്കൽ സെന്ററുകളിലൂടെ 81,827 തീർത്ഥാടകർക്കും ആരോഗ്യ സേവനം നൽകി. സി.പി.ആർ ഉൾപ്പെടെയുള്ള അടിയന്തര സേവനം നൽകി മരണനിരക്ക് പരമാവധി കുറയ്ക്കാനായി. മികച്ച ആരോഗ്യ സേവനം നൽകിയ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും മന്ത്രി അഭിനന്ദിച്ചു.

നിസാര രോഗങ്ങൾ മുതൽ ഹൃദയാഘാതം പോലെ ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്ക് വരെ ചികിത്സ നൽകി. ശബരിമല യാത്രയ്ക്കിടെ ഹൃദയാഘാതം വന്ന 122 പേരുടെ ജീവൻ രക്ഷിച്ചു. 71 പേർക്ക് ഹൃദയാഘാതത്തിനുള്ള ത്രോംബോലൈസിസ് അടിയന്തര ചികിത്സ നൽകി. 110 പേർക്ക് അപസ്മാരത്തിന് ചികിത്സ നൽകി. റോഡപകടങ്ങളിൽ പരിക്കേറ്റവർ 230, ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളുള്ളവർ 37141, ഉദരസംബന്ധമായ പ്രശ്നങ്ങൾ ബാധിച്ചവർ 25050, വയറിളക്ക രോഗങ്ങളുള്ളവർ 2436, പനി 20320, പാമ്പു കടിയേറ്റവർ 4 എന്നിവർക്കാണ് ചികിത്സ നൽകിയത്. ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള 456 പേരെ പമ്പയിൽ നിന്നും മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്തു.

ഇത്തവണ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ആരോഗ്യ സേവനങ്ങളാണ് ഒരുക്കിയത്. പമ്പയിലെ കൺട്രോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിച്ചു. ആരോഗ്യ പ്രവർത്തകരുടെയും വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്നവരുടെയും സേവനം ഇവിടെ ഉറപ്പാക്കി. ശബരിമലയുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ പ്രത്യേകം സംവിധാനങ്ങൾ ഒരുക്കി. കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിച്ചു. കോട്ടയം മെഡിക്കൽ കോളേജിലും തീർത്ഥാടകർക്കായി പ്രത്യേകം കിടക്കകൾ ക്രമീകരിച്ചിരുന്നു. ഇതോടൊപ്പം പത്തനംതിട്ട ജില്ലയിലെ എല്ലാ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലും കിടക്കകൾ ക്രമീകരിക്കുകയും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്തു. വിവിധ ഭാഷകളിൽ ശക്തമായ ബോധവത്ക്കരണം നൽകി.

ഈ കാലയളവിൽ നിലവിലുള്ള 19 എമർജൻസി മെഡിക്കൽ സെന്ററുകൾ കൂടാതെ സോപാനം, ക്യൂ കോംപ്ലക്സ് എന്നിവിടങ്ങളിലും പുതിയതായി അടിയന്തര വൈദ്യ സഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചു. മകരവിളക്ക് ദിവസം വലിയാനവട്ടം, പാത്താവളം, സന്നിധാനം എച്ച്.ഐ ക്വാർട്ടേഴ്സ്, ബെയ്‌ലി പാലം, പമ്പ ഹിൽ ടോപ്പ്, ഹിൽ ഡൗൺ, പമ്പ പോലീസ് സ്റ്റേഷൻ, പമ്പ ത്രിവേണി പാലം, പമ്പ കെ.എസ്.ആർ.ടി.സി, യുടേൺ, അട്ടത്തോട്, ഇരവുങ്കൽ, പഞ്ഞിപ്പാറ, നീലിമല, ആങ്ങമൂഴി, അട്ടത്തോട് ഈസ്റ്റ്, അട്ടത്തോട് വെസ്റ്റ് എന്നിവിടങ്ങളിൽ സ്പെഷ്യൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കി. ഹൃദയസ്തംഭനം വന്ന 40 പേർക്ക് അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ വഴി സിപിആറും എഇഡി ഉപയോഗിച്ച് ഷോക്ക് ചികിത്സയും നൽകി.



# മികവിന്റെ പുതിയ മുഖവുമായി കായംകുളം താലൂക്ക് ആശുപത്രി




ആലപ്പുഴ: മികവിന്റെ പുതിയ മുഖവുമായി കായംകുളം താലൂക്ക് ആശുപത്രി. ഓണാട്ടുകരയുടെ ആരോഗ്യ മേഖലയിൽ ആധുനിക സജ്ജീകരണങ്ങൾ അടക്കം മികച്ച സേവനം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനുതകുന്ന വിവിധ പദ്ധതികൾ ആണ് ആശുപത്രിയിൽ തുടങ്ങിയിരിക്കുന്നത്. പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് കായംകുളത്ത് നിർവഹിച്ചു.

കായംകുളം താലൂക്ക് ആശുപത്രിയിൽ അത്യാധുനിക 'ലക്ഷ്യ' നിലവാരത്തിലുള്ള മെറ്റേണിറ്റി കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചു. എൻ.എച്ച്.എം പദ്ധതി വഴി അനുവദിച്ച 319 ലക്ഷം രൂപ ഉപയോഗിച്ചാണ് മെറ്റേണിറ്റി യൂണിറ്റ് നിർമ്മിച്ചത്. നിലവിലുള്ള കാഷ്വാലിറ്റി ബിൽഡിംഗിന്റെ 2-ാം നിലയിൽ 980 സ്വകയർഫീറ്റിലാണ് മെറ്റേണിറ്റി യൂണിറ്റ് പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റേണിറ്റി യൂണിറ്റിൽ മോഡുലാർ ഓപ്പറേഷൻ തീയറ്റർ 20 പേർക്ക് സഞ്ചരിക്കാവുന്ന ലിഫ്റ്റ്, കാത്തിരിപ്പ് സ്ഥലം, രജിസ്ട്രേഷൻ, ട്രയേജ്, ഡോക്ടേഴ്സ് റൂം, പോസ്റ്റ് നേറ്റൽ വാർഡ്, പ്രസവ മുറികൾ, നേഴ്സിംഗ് സ്റ്റേഷൻ, നവജാത ശിശു പരിചരണ യൂണിറ്റ്, പ്രീ ഓപ്പറേറ്റീവ് റൂം, ടോയ്ലറ്റുകൾ, ഓട്ടോക്ലേവ്, എം.ജി.പി.എസ് ഗ്യാസ് മാനിഫോൾഡ് റൂം എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ഇതോടൊപ്പം 5 ബെഡ് സൗകര്യമുള്ള കുട്ടികൾക്കായുള്ള ഐ.സി.യു ഇ.സി. ആർ. പി – 2 പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിരിക്കുന്നു.

കായംകുളം നഗരസഭ 57 ലക്ഷം രൂപാ ചിലവിൽ ആശുപത്രിക്കായി ഹൈടെൻഷൻ ഇലക്ട്രിക്കൽ കണക്ഷൻ സജ്ജീകരിച്ചിരിക്കുന്നു. ഇതോടൊപ്പം ഡോക്ടേഴ്സ് ഫോർ യു എന്ന സംഘടനയുടെ 30 ലക്ഷം രൂപ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് പൂർത്തികരിച്ച ഓക്സിജൻ പ്ലാന്റിന്റെയും ഉദ്ഘാടനമാണ് കായംകുളം മുനിസിപ്പൽ വ്യാപാര ചത്വരത്തിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചത്. അഡ്വ. യു. പ്രതിഭ എം.എൽ.എ യോഗത്തിൽ അധ്യക്ഷത വഹിച്ചു. നഗരസഭാ അദ്ധ്യക്ഷ പി. ശശികല, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, ജെ ആദർശ് (വൈസ് ചെയർമാൻ) അഡ്വ. ഫർസാന ഹബീബ് (ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ) ഡോ. ജമുനാ വർഗ്ഗീസ് (ജില്ലാ മെഡിക്കൽ ഓഫീസർ), ഡോ. കോശി സി പണിക്കർ (ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ) എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ഐസൊലേഷൻ വാർഡും വീണ്ടും ആരംഭിച്ച കിടത്തിച്ചികിത്സയും

# മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു



കോട്ടയം: സചിവോത്തമപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിർമിച്ച പുതിയ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെയും കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതിന്റെയും ഉദ്ഘാടനം ആരോഗ്യ കുടുംബക്ഷേമവകുപ്പു മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ജീർണാവസ്ഥയിലായിരുന്ന പഴയ കെട്ടിടംപൊളിച്ച്അഡ്വ.ജോബ്മൈക്കിളിന്റെ എൽ.എൽ.എ. ഫണ്ടിലൂടെ നൽകിയ ഒരു കോടി 36 ലക്ഷം രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. 10 കിടക്കകളോട് കൂടിയ ഓക്സിജൻ ബെഡുകൾ ആണ് കിടത്തിച്ചികിത്സയ്ക്കായി സജ്ജീകരിച്ചിരിക്കുന്നത്.

വാകത്താനം, വാഴപ്പള്ളി, പനച്ചിക്കാട്, കുറിച്ചി, നീലംപേരൂർ ഗ്രാമപഞ്ചായത്തുകൾ, കോട്ടയം നഗരസഭാ പരിധി എന്നിവിടങ്ങളിലെ രോഗികൾ ആശ്രയിക്കുന്ന സ്ഥാപനമാണിത്. എം.സി റോഡിനോടു ചേർന്നു സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ പ്രതിദിന ഒ.പി. മുന്നൂറിലധികമാണ്. സ്കിൻ സ്പെഷ്യാലിറ്റി ഉൾപ്പെടെ ദേശീയ ആരോഗ്യദൗത്യത്തിൽനിന്നുള്ള മൂന്നു ഡോക്ടർമാർ, ആരോഗ്യവകുപ്പിൽ നിന്നുള്ള രണ്ടു ഡോക്ടർമാർ, ആറ് സ്റ്റാഫ് നേഴ്സ്, രണ്ടു ലാബ് ടെക്നീഷ്യൻ, മൂന്നു ഫാർമസിസ്റ്റുകൾ എന്നിവരുടെ സേവനവുമുണ്ട്. ആശുപത്രി അങ്കണത്തിൽനടന്ന ചടങ്ങിൽഅഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

## മേഘ സ്പർശം

# പാലിയേറ്റീവ്കെയർ – ഇ സഞ്ജീവനി ടെലി മെഡിസിൻ ക്യാമ്പയിനു തുടക്കമായി



കൊല്ലം: വീടുകളിൽ കിടപ്പിലായ രോഗികൾക്കു വേണ്ടി മേഘസ്പർശം എന്ന പേരിൽ ഇ–സഞ്ജീവനി ടെലി മെഡിസിൻ ക്യാമ്പയിനു ജില്ലയിൽ തുടക്കമായി. ജില്ലാ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ക്യാമ്പയിനു തുടക്കമിട്ടത്.

ജില്ലാ ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന ക്യാമ്പയിൻ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി കെ ഗോപൻ നിർവഹിച്ചു. കോർപ്പറേഷൻ ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ യു. പവിത്ര അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ്ജ് ഡോ. ശ്രീകാന്ത് സ്വാഗതം ആശംസിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ അനിത പദ്ധതി വിശദീകരണം നടത്തി. കെ.ജി.എം.ഒ.എ ജില്ലാ ട്രഷറർ ഡോ. അനുരൂപ് ശങ്കർ, ഇ–സഞ്ജീവനി നോഡൽ ഓഫീസർ ഡോ. ജീവൻ കെ, പാലിയേറ്റീവ് കെയർ ജില്ലാ കോഡിനേറ്റർ അനൂജ് ഡിറ്റി എന്നിവർ സംസാരിച്ചു.

കേരളത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു ക്യാമ്പയിൻ ആരംഭിക്കുന്നത് എന്നും കിടപ്പിലായവരുടെ ഏറ്റവും പ്രധാന ആവശ്യം ശാരീരിക പരിചരണത്തിനുമപ്പുറം അവരെ കേൾക്കുവാൻ തയ്യാറായ ഒരു കൂട്ടം ആളുകളെ സന്നദ്ധരാക്കുക എന്നതാണ് എന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടു.

കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രധാനമായും നഴ്സ് കേന്ദ്രീകൃത പരിചരണം ആണ് നൽകി വരുന്നത്. ദീർഘകാലമായി കിടപ്പിലായവരിൽ ഡോക്ടർമാരുടെ പരിചരണം ആവശ്യമുള്ളവർ ഉണ്ട്. അവരെ കണ്ടെത്തി ഇ – സഞ്ജീവനി സംവിധാനത്തിലൂടെ ഡോക്ടർമാരുടെ പരിചരണം നൽകുക എന്നതാണ് ക്യാമ്പയിൻ. ജില്ലയിലെ 16 ആരോഗ്യ ബ്ലോക്കുകളിലും, ഒരാഴ്ച ഒരു ബ്ലോക്ക് എന്ന രീതിയിൽ ആണ് ക്യാമ്പയിൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇ – സഞ്ജീവനി സംവിധാനത്തിൽ സ്റ്റേറ്റ് ഹബ്ബ്, ജില്ലാ ഹബ്ബ് എന്നിവയുടെ സേവനം കൂടാതെ പാലിയേറ്റീവ് രോഗികളുടെ സഹായത്തിനായി കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ കൊല്ലം ജില്ലയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും രണ്ട് ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാകും. 2025 ജനുവരിയിൽ ആരംഭിച്ച ക്യാമ്പയിൻ 16 ഹെൽത്ത് ബ്ലോക്കുകളിലും സേവനം നൽകി 2025 ഏപ്രിൽ 30 നു അവസാനിക്കും. തുടർന്ന് ഡോക്ടർമാരുടെ പരിചരണം ആവശ്യമുള്ളവർക്ക് നിലവിലുള്ള ഇ – സഞ്ജീവനി ടെലി മെഡിസിൻ സംവിധാനം വഴി സേവനം നൽകുന്നതാണ്. കിടക്കയിൽ നിന്നും പരസഹായം കൂടാതെ എഴുന്നേൽക്കാൻ സാധിക്കാത്തവർ, വീടുകളിൽ നിന്നും പുറത്തിറങ്ങാൻ കഴിയാത്തവർ, ഗുരുതര രോഗ ബാധിതർ എന്നിങ്ങനെ രോഗികളെ തരം തിരിച്ചാണ് നിലവിൽ പരിചരണം നൽകി വരുന്നത്. ഇതിൽ പൂർണ്ണമായും കിടപ്പിലായ, ഡോക്ടർമാരുടെ സപ്പോർട്ട് കൂടുതൽ ആവശ്യമുള്ളവർക്കാണ് ആദ്യ ഘട്ടമായി സേവനം നൽകുന്നതും.

## വിപുലമായ സംവിധാനം, പരിശോധനാ വിവരങ്ങൾ മൊബൈലിൽ

# നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം യാഥാർത്ഥ്യത്തിലേക്ക്



തിരുവനന്തപുരം: സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള 'നിർണയ ലബോറട്ടറി ശൃംഖല' (ഹബ് ആന്റ് സ്പോക്ക്) മൂന്ന് മാസത്തിനുള്ളിൽ പൂർണ തോതിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തനമാരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജില്ലകളിൽ നിലവിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലത്തിൽ നിർണയ പദ്ധതിയുടെ നെറ്റ്‌വർക്കിങ് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ നിർദിഷ്ട ഹെൽത്ത് ബ്ലോക്കുകളിൽ പ്രവർത്തനം നടന്ന് വരികയും ചെയ്യുന്നു. ഇത് സജ്ജമായാൽ പരിശോധനാ ഫലത്തിനായി അലയുകയും വേണ്ട. നിർണയ ലാബ് നെറ്റുവർക്കിലൂടെ നിർദ്ദിഷ്ട പരിശോധനാ ഫലങ്ങൾ മൊബൈലിലൂടെ അറിയാനും സാധിക്കും. ഇതിനായുള്ള സോഫ്റ്റ് വെയർ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.

നവകേരളം കർമ്മപദ്ധതി ആർദ്രം മിഷന്റെ ഭാഗമായാണ് നിർണയ ലാബ് ശൃംഖല നടപ്പാക്കി വരുന്നത്. സർക്കാർ മേഖലയിലെ ലാബുകൾ വഴി ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കി കുറഞ്ഞ നിരക്കിൽ പരിശോധനകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സംസ്ഥാനത്തെ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ, ജില്ലാ–സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബുകൾ എന്നീ സ്ഥാപനങ്ങൾ നിർണയ ലാബ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി ലാബ് ഡെവലപ്മെന്റ്/ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഭൂരിഭാഗം ലാബോറട്ടറികളിലും പരിശോധനകളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള ഇന്റേർണൽ ക്വാളിറ്റി കൺട്രോൾ നടപ്പാക്കുകയും, എക്സ്റ്റേണൽ ക്വാളിറ്റി അഷ്വറൻസ് എൻറോൾമെന്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ കൂടി സമയബന്ധിതമായി നിർണയ നെറ്റ്‌വർക്ക് സംവിധാനം സജ്ജമാക്കാനാണ് പരിശ്രമിക്കുന്നത്.

കോഴിക്കോട് ഈ വർഷം അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കും

# അപൂർവ രോഗബാധിതരുടെ ഡേറ്റ രജിസ്ട്രി ഉടൻ: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്ത് അപൂർവ രോഗം ബാധിച്ചവരുടെ ഡേറ്റ രജിസ്ട്രി ഈ വർഷം യാഥാർത്ഥ്യമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അപൂർവ രോഗങ്ങൾ പ്രതിരോധിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോഴിക്കോട് ഈ വർഷം അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കും. കുഞ്ഞുങ്ങളെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തി വരുന്നത്. നിലവിൽ എസ്.എം.എ ബാധിതരായ കുഞ്ഞുങ്ങൾക്ക് ചികിത്സ നൽകി വരുന്നതിൽ 90 ശതമാനത്തിൽ കൂടുതൽ സർവൈവൽ റേറ്റുള്ളതായും മന്ത്രി വ്യക്തമാക്കി. മസ്കറ്റ് ഹോട്ടലിൽ നടന്ന അപൂർവ രോഗ ചികിത്സാ വിദഗ്ധരുടെ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ജന്മനായുള്ള വൈകല്യങ്ങൾ കണ്ടെത്തി കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2024 ഫെബ്രുവരി മാസമാണ് അപൂർവ രോഗങ്ങൾക്കായി സംസ്ഥാന സർക്കാർ കെയർ പദ്ധതി ആരംഭിച്ചത്. 2024 ലാണ് എസ്.എ.ടി.




ആശുപത്രിയിൽ അപൂർവ രോഗങ്ങൾക്കുള്ള എൻസൈം റീപ്ലെയ്സ്മെന്റ് തെറാപ്പി ആരംഭിച്ചത്. ഇപ്പോൾ 106 രോഗികൾക്ക് വിലയേറിയ ചികിത്സ നൽകി വരുന്നു. ശലഭം പദ്ധതിയിലൂടെ കുഞ്ഞുങ്ങളുടെ വൈകല്യങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന ഹൃദ്യം പദ്ധതിയിലൂടെ 7916 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തി. എസ്എടി ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസാക്കി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലിനറ്റ് മോറിസ്, അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് നോഡൽ ഓഫീസർ ഡോ. ശങ്കർ, വിവിധ വിഭാഗം മേധാവികൾ, കേന്ദ്ര പ്രതിനിധി ഡോ. അസ്ത എന്നിവർ പങ്കെടുത്തു.

കേരളത്തിലെ മെഡിക്കൽ കോളേജ് ഡോക്ടർമാരടക്കം ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, പീഡിയാട്രീഷ്യൻമാർ എന്നിവർക്ക് വേണ്ടിയാണ് ഏകദിന ശിൽപശാല നടത്തിയത്.

ക്ഷയരോഗ മുക്ത് ഭാരത്

# 100 ദിന പരിപാടിക്ക് തുടക്കം കുറിച്ചു



കോട്ടയം: ജില്ലയിൽ ക്ഷയരോഗ പകർച്ചയും മരണവും തടയുന്നതിന് ക്ഷയരോഗ മുക്ത് ഭാരത് 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി രോഗം പിടിപെടാൻ സാധ്യതയുള്ളവരെ എല്ലാവരെയും പരിശോധിക്കുന്നതിന് നടപടിസ്വീകരിക്കുമെന്നും ഇതിനു തദ്ദേശ സ്ഥാപനങ്ങൾ നിർലോഭമായ സഹകരണം നൽകണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു പറഞ്ഞു. ദേശീയ ആരോഗ്യ ദൗത്യം കോൺഫറൻസ് ഹാളിൽ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കയായിരുന്നു. മാർച്ച് 17 നു പരിപാടി സമാപിക്കും.

മുൻപ് ക്ഷയരോഗം ബാധിച്ചിട്ടുള്ളവർ, ക്ഷയരോഗികളുമായി അടുത്തിടപഴകിയിട്ടുള്ളവർ, പ്രമേഹ ബാധിതർ, പുകവലി ശീലമാക്കിയവർ, പോഷകാഹാരക്കുറവുള്ളവർ, മുതിർന്നവർ തുടങ്ങി രോഗം ബാധിക്കാൻ കൂടുതൽ സാധ്യതയുള്ളവരെ കണ്ടെത്തി പരിശോധിക്കുക എന്നതാണ് ലക്ഷ്യം. ജില്ലയിൽ ഇത്തരത്തിൽ കുറഞ്ഞത് അറുപതിനായിരം പേരെയെങ്കിലും100 ദിവസം കൊണ്ട് പരിശോധിക്കാനാണ് ലക്ഷ്യം.

തൊഴിലിടങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുന്നതിന് നിക്ഷയ് വാഹൻ എന്നപേരിൽ ഒരു മൊബൈൽ യൂണിറ്റ്, ബോധവത്കരണ വാൻ എന്നിവ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഫ്ളാഗ് ഓഫ് ചെയ്തു.

ജില്ലയിൽ ആറ് മാസത്തേക്ക് 40 ക്ഷയരോഗികൾക്ക് പ്രതിമാസം 750 രൂപ വീതമുള്ള പോഷകാഹാര കിറ്റിനായി ഏകദേശം 2 ലക്ഷം രൂപ സ്പോൺസർ ചെയ്ത് നിക്ഷയ് മിത്ര പദ്ധതിയിൽ അംഗമായ കോട്ടയം സ്വദേശി രാജു മാക്കിലിനെ ജില്ലാതല ഉദ്ഘാടന സമ്മേളനത്തിൽ ആദരിച്ചു. കോട്ടയം സ്വദേശിയായ രാജു മാക്കിൽ ജെനീവയിലെ ഐക്യ രാഷ്ട്ര സംഘടനയിൽ 20 വർഷം സേവനം അനുഷ്ഠിച്ച ശേഷം കഴിഞ്ഞ 10 വർഷമായി കറുകച്ചാൽ സ്ഥിരതാമസമാക്കിയിരിക്കുകയാണ്. കേരളം പോലെ ഉന്നത നിലവാരം പുലർത്തുന്ന ഒരു സംസ്ഥാനത്ത് എത്രയും വേഗം ക്ഷയരോഗം നിർമാർജ്ജനം ചെയ്യാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

750 രൂപവീതം കുറഞ്ഞത് ആറ് മാസത്തേക്ക് സംഭാവന ചെയ്യാൻ കഴിയുന്നവർക്ക് നിക്ഷയ് മിത്ര പദ്ധതിയിൽ അംഗമായി ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്ന ഉദ്യമത്തിൽ ഭാഗമാകാൻ കൂടുതൽ പേർ മുന്നോട്ടു വരേണ്ടതുണ്ട്. ക്ഷയരോഗ ചികിത്സക്ക് മരുന്ന് പോലെ തന്നെ പ്രധാനമാണ് പോഷകാഹാരം. അതിനാൽ ഈ വെല്ലുവിളി ഏറ്റെടുക്കാൻ സമൂഹം തയ്യാറാകണം. നിക്ഷയ് മിത്ര പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ളവർ പ്രദേശത്തെ ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർമാരെ ബന്ധപ്പെടേണ്ടതാണ്.

# പ്രമേഹ രോഗികളുടെ എണ്ണം പകുതിയായി കുറയ്ക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: സംസ്ഥാനത്തെ പ്രമേഹ രോഗികളുടെ എണ്ണം പകുതിയായി കുറയ്ക്കുന്നത് ആരോഗ്യ വകുപ്പിന്റെ പ്രത്യേക ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലി രോഗങ്ങൾ കുറഞ്ഞ സംസ്ഥാനമാക്കി മാറ്റാനാണ് പരിശ്രമിക്കുന്നത്. ആയുർദൈർഘ്യം കൂടുതലുള്ള കേരളത്തിൽ ജീവിക്കുന്ന കാലം വരെ ജീവിത ഗുണനിലവാരം ഉറപ്പുവരുത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഈ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനാണ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചതെന്നും മന്ത്രി വ്യക്തമാക്കി. ആരോഗ്യ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസും ചേർന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര ഡയബറ്റീസ് കോൺക്ലേവിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

പ്രമേഹവുമായി ബന്ധപ്പെട്ട് നിലവിൽ ചെയ്യുന്ന പ്രവർത്തനങ്ങളും ഇനി ചെയ്യാനുള്ള പ്രവർത്തനങ്ങളും ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കാനാണ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചത്. ദേശീയവും അന്തർ ദേശീയവുമായിട്ടുള്ള പ്രമേഹ രോഗ വിദഗ്ധരെ ഉൾക്കൊള്ളിച്ച് കൊണ്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. അന്തർദേശീയ തലത്തിൽ പ്രമേഹ രോഗ ചികിത്സയിൽ വന്നിട്ടുള്ള നൂതന സംവിധാനങ്ങളും, ചികിത്സാ വിധികളും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും പരിചയപ്പെടുത്തുക എന്ന ഉദ്ദേശം കൂടി ഈ കോൺക്ലേവിനുണ്ട്.

സി.എം.സി. വെല്ലൂരിലെ ഡോ. നിഹാൽ തോമസ്, മയോ ക്ലിനിക്കിലെ ഡോ. ശ്രീകുമാർ, ഡോ. മധു, പ്രസന്ന സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ഡോ. ചെറിയാൻ വർഗീസ്, ഡോ. പ്രമീള കൽറ, കാർഡിയോളജിസ്റ്റ് ഡോ. ജോർജ് കോശി, ഡോ. രാമൻകുട്ടി, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡോ. സക്കീന, ഡോ. ജബ്ബാർ, ഡോ. ബിപിൻ ഗോപാൽ എന്നിവർ കോൺക്ലേവിൽ പങ്കെടുത്തു.

മികച്ച സൗകര്യങ്ങൾ ഒരുങ്ങുന്നു:

# ആരോഗ്യമേഖല മികവിലേയ്ക്ക്



കാസർഗോഡ്: രോഗികൾക്ക് ഗുണമേന്മയുള്ളതും, മികച്ച ഭൗതിക സാഹചര്യത്തിൽ സൗഹൃദപരവുമായ സേവനം ഉറപ്പുവരുത്തുന്നതിനായി നവ കേരള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആർദ്രം മിഷനിലൂടെ ജില്ലയിലെ ആരോഗ്യകേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്.

ദേശീയ ആരോഗ്യ ദൗത്യം മുഖേനയും, കാസറഗോഡ് വികസന പാക്കേജിലൂടെയും, ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിലൂടെയും, പി.എം അഭീം പദ്ധതിയിലൂടെയുമാണ് ആരോഗ്യസ്ഥാപനങ്ങളുടെ സിവിൽ പ്രവർത്തികൾ പുരോഗമിക്കുന്നത്. ഈ പ്രവർത്തികൾ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ സിവിൽ എൻജിനീയറിംഗ് വിഭാഗം മോണിറ്റർ ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

കാസറഗോഡ് ജില്ലയിൽ 2022–23 വർഷത്തിൽ 16 കോടിയും 2023 – 24 സാമ്പത്തിക വർഷത്തിൽ 31.40 കോടിയുമാണ് ദേശീയ ആരോഗ്യ ദൗത്യം വഴി അനുവദിച്ചിട്ടുള്ളത്. ഒട്ടേറെ നിർമാണ പ്രവർത്തികളാണ് ജില്ലയിൽ നടപ്പിലാക്കിട്ടുള്ളത്. അതുവഴി പൊതുജനങ്ങൾക്കു മികച്ച ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുവാൻ സാധിച്ചു.

ജില്ലയിലെ 32 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ അവയുടെ സിവിൽ പ്രവൃത്തി പൂർത്തീകരിച്ചു ആർദ്രം നിലവാരത്തിലേക്ക് ഉയർത്തുകയും മികച്ച ഭൗതിക സാഹചര്യത്തിൽ പ്രാഥമിക സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചെറുവത്തൂർ, പെരിയ, മുളിയാർ, മഞ്ചേശ്വർ, ബദിയടുക്ക എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുകയും ചെയ്തു. ജില്ലയുടെ ചിരകാല സ്വപ്നമായ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പൂർണ്ണമായും സജ്ജീകരിച്ചു ജനങ്ങൾക്ക് തുറന്നുകൊടുത്തു. പി.എം അഭീം പദ്ധതിയിലൂടെ ജില്ലയിൽ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് നിർമാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ ജില്ലാ ജനറൽ ആശുപത്രികളിൽ പീഡിയാട്രിക് വാർഡ്, പീഡിയാട്രിക് യൂണിറ്റ്, എ.സ് എൻ.സി.യു, തുടങ്ങിയവയും പ്രവർത്തി പൂർത്തീകരിച്ച് നവജാത ശിശുക്കളുടെ ആരോഗ്യ പരിക്ഷണം ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു. ആരോഗ്യ സേവനം താഴെ തട്ടിലെ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി പ്രവർത്തിക്കുന്ന 64 ജനകീയ ആരോഗ്യ കേന്ദ്രങ്ങങ്ങളുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. മലയോര ജനതയുടെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് പൂടംകല്ലി താലൂക് ആശുപത്രിയിൽ ലേബർ ബ്ലോക്കും, ലക്ഷ്യ നിലവാരത്തിലുള്ള ഓപ്പറേഷൻ തിയേറ്ററും സജ്ജമായിരിക്കുകയാണ്.

നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ കാവലായി മാറിയ മൂന്ന് നഗരാരോഗ്യകേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ ഓരോ കേന്ദ്രത്തിലും മൂന്ന് വീതം നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങളും പൂർണമായും സജ്ജമാക്കിട്ടുണ്ട് .



സ്പൈനൽ മസ്കുലർ അട്രോഫി

# കുഞ്ഞുങ്ങളുടെയും രക്ഷിതാക്കളുടെയും സംഗമം



കോഴിക്കോട്: എസ്.എം.എ ബാധിച്ച കുഞ്ഞുങ്ങളുടെ കുടുംബ സംഗമവും ശില്പശാലയും സംഘടിപ്പിച്ചു. കോഴിക്കോട് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിലെ നിള ഹാളിൽ നടന്ന സംഗമത്തിൽ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള കുട്ടികളും അവരുടെ രക്ഷിതാക്കളുമാണ് പങ്കെടുത്തത്. പരിപാടിയുടെ ഭാഗമായി എസ്.എം.എ ബാധിച്ച കുട്ടികൾക്കുള്ള പുനരധിവാസത്തെക്കുറിച്ച് ഡോ. റീബ മേരി മണി (പ്രൊഫസർ പി എം ആർ, മെഡിക്കൽ കോളേജ്) ക്ലാസ് എടുത്തു. തുടർന്ന് മാതാപിതാക്കളുടെ സംശയങ്ങൾക്ക് ശിശു രോഗ വിഭാഗം, ന്യൂറോളജി, പൾമനോളജി, ഓർത്തോപീഡിക്സ്, പി.എം.ആർ എന്നീ വിഭാഗം ഡോക്ടർമാർ മറുപടി പറഞ്ഞു തുടർന്ന് രക്ഷിതാക്കൾക്കായുള്ള ഹാൻഡ്സ് ഓൺ തെറാപ്പിസെഷനും രക്ഷിതാക്കൾക്ക് കൂടുതൽ അറിവ് നൽകുന്നതിനായി ലഘുലേഖയും വിതരണം ചെയ്തു.

കേരള യുണൈറ്റഡ് എഗൈൻസ്റ്റ് റെയർ ഡിസീസ് (KARE) എന്ന അപൂർവ്വ രോഗങ്ങൾക്കായുള്ള സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൂറോളം കുട്ടികൾക്ക് സൗജന്യമായി തുടർച്ചയായി ലക്ഷങ്ങൾ വില വരുന്ന മരുന്നുകൾ നൽകുന്നത്. പരിപാടിയിൽ 50 കുഞ്ഞുങ്ങളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. പരിപാടിയിൽ 'പ്രതീക്ഷയുടെ നിറങ്ങൾ' എന്ന പേരിൽ എസ്.എം.എ ബാധിച്ച കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തി. കൂടാതെ കുട്ടികൾ വരച്ച ചിത്രങ്ങൾ ഉൾക്കൊള്ളിച്ച് കലണ്ടർ പരിപാടിയിൽ പ്രകാശനം ചെയ്തു.

പരിപാടിയുടെ ഉദ്ഘാടനം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സജിത് കുമാർ നിർവഹിച്ചു. ചടങ്ങിൽ പി എം ആർ മെഡിക്കൽ കോളേജ് എച്ച്.ഒ.ഡി ഡോ. ശ്രീജിത്ത്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ.രാജേന്ദ്രൻ, ഗവൺമെന്റ് മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.എ. അരുൺകുമാർ, മഞ്ചേരി മെഡിക്കൽ കോളേജ് പീഡിയാട്രിക് വിഭാഗത്തിലെ ഡോ. ടി.പി അഷ്റഫ്, ഡി.ഇ.ഐ.സി മാനേജർ ടി. അജീഷ്, എന്നിവർ പങ്കെടുത്തു.

തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജ്

# നഷ്ടപ്പെടുമെന്ന് കരുതിയ മൂന്ന് പൊന്നോമനകളെ പൂർണ്ണ ആരോഗ്യത്തോടെ തിരികെ നൽകി



തൃശൂർ: 7–ാം മാസത്തിൽ ജനിച്ച മൂന്ന് പൊന്നോമനകളെ നഷ്ടപ്പെടുമെന്ന് കരുതിയ അവസ്ഥയിൽ നിന്നും പൂർണ്ണ ആരോഗ്യത്തോടെ തിരികെ നൽകി തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജ്. തമിഴ്നാട് തിരുപ്പൂരിൽ താമസിക്കുന്ന പാലക്കാട് സ്വദേശികളായ പ്രസീതക്കും ജയപ്രകാശിനും 18 വർഷങ്ങളുടെ കാത്തിരിപ്പിലൂടെയാണ് കുട്ടികൾ എന്ന സ്വപ്നം സഫലമായത്. നീണ്ട കാത്തിരിപ്പിനു ശേഷവും കുഞ്ഞുങ്ങൾ ഉണ്ടാകാതിരുന്നതിനാൽ ഐ.വി.എഫ്. ചികിത്സയിലൂടെയാണ് കുഞ്ഞുങ്ങളെ ലഭിച്ചത്. കോയമ്പത്തൂരിൽ ഗർഭകാല ചികിത്സ തുടങ്ങുമ്പോഴാണ് പ്രസീത മൂന്ന് കുഞ്ഞുങ്ങൾക്കാണ് ജന്മം നൽകാൻ പോകുന്നത് എന്നറിഞ്ഞത്. എന്നാൽ മാസം തികയാതെ പ്രസവിക്കാനുള്ള സാധ്യത കൂടുതലാണെന്നും, മൂന്ന് കുഞ്ഞുങ്ങളെ തീവ്ര പരിചരണം നൽകി രക്ഷിച്ചെടുക്കുന്നത് പ്രയാസമാണ് എന്നതിനാലും ഫീറ്റൽ റിഡെക്ഷനിലൂടെ കുഞ്ഞുങ്ങളുടെ എണ്ണം കുറക്കാൻ പലരും നിർദ്ദേശിച്ചു. അതിനു വിസമ്മതിച്ച ദമ്പതികൾ ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് കുഞ്ഞുങ്ങൾക്ക് മികച്ച പരിചരണത്തിനായി തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലേക്ക് എത്തുകയായിരുന്നു. 7–ാം മാസത്തിൽ ജനിച്ച രണ്ട് പെൺ കുഞ്ഞുങ്ങളുടേയും ഒരു ആൺ കുഞ്ഞിന്റേയും തൂക്കം ഒരു കി.ഗ്രാമിലും താഴെയായിരുന്നു. അവിടെ നിന്നാണ് വിദഗ്ദ്ധ സംഘത്തിന്റെ മൂന്ന് മാസത്തെ ശ്രദ്ധാപൂർവ്വമായ പരിചരണത്തിലൂടെ കുഞ്ഞുങ്ങളെ പൂർണ്ണ ആരോഗ്യത്തിലേക്ക് എത്തിച്ചത്. മൂന്ന് കുഞ്ഞുങ്ങൾക്കും മൂന്ന് മാസം വരെ പൂർണ്ണമായി മുലപ്പാൽ ഉറപ്പുവരുത്തിയത് നവജാതശിശുവിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സമഗ്ര മൂലയൂട്ടൽ പരിപാലന കേന്ദ്രത്തിൽ (സി.എൽ.എം.സി) നിന്നുമാണ്. ഇതിനെല്ലാം നേതൃത്വം നൽകിയത് നവജാത ശിശുരോഗ വിഭാഗം മേധാവി ഡോ.ഫെബി ഫ്രാൻസിസ്, ശിശുരോഗ വിഭാഗം മേധാവി ഡോ. അജിത്ത് കുമാർ എന്നിവരും ടീം അംഗങ്ങളുമായ ഡോ. വിഷ്ണു ആനന്ദ്, ഡോ. മേധ മുരളി, ഡോ. നാഗാർജുൻ, ഡോ ലിറ്റ, ഡോ. ആതിര, മറ്റ് ജൂനിയർ ഡോക്ടർമാർ, ഹെഡ് നഴ്സുമാരായ സീന, സജ്ന എന്നിവരടങ്ങിയ ടീമും മറ്റ് എൻ.ഐ.സി.യു ജീവനക്കാരും സി.എൽ.എം.സി ജീവനക്കാരുമാണ്. ഗൈനക്കോളജി യൂണിറ്റിൽ നിന്നുള്ള ചീഫ് ഡോ അജിത, മറ്റ് ഡോക്ടർമാരായ ഡോരശ്മി, ഡോ അജ്നി എന്നിവരടങ്ങുന്ന ടീം അമ്മക്ക് വേണ്ട ശുശ്രൂഷകളും ഉറപ്പാക്കി.

രക്ഷപ്പെടില്ലെന്ന് കരുതിയ മൂന്ന് കുഞ്ഞുങ്ങളെ 10 ലക്ഷത്തിലേറെ ചിലവ് വരുന്ന വെന്റിലേറ്റർ അടക്കമുള്ള അതിതീവ്ര പരിചരണവും ചികിത്സയും നൽകി മാതൃകപരമായ പരിചരണം ഉറപ്പാക്കിയത് സൗജന്യമായാണ്.

# പണമില്ല, ചികിത്സ വേണ്ടെന്ന് തീരുമാനം: ഒടുവിൽ തുണയായത് സർക്കാർ സംവിധാനം

കൽപ്പറ്റ: വയനാട്ടിലെ നിർധന രോഗികളിൽ കാരുണ്യം നിറയുകയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ. ചികിത്സയ്ക്ക് പണമില്ലാത്തതിനാൽ ആശുപത്രികളിൽ പോലും പോകാൻ തയ്യാറാവാതെ വീട്ടിലൊതുങ്ങിയവർ നിരവധിയായിരുന്നു. ആശുപത്രികളെ അഭയം പ്രാപിക്കുന്നവർ തന്നെ താൽക്കാലിക ചികിത്സയെടുത്ത് വീടുകളിലേക്ക് മടങ്ങുന്ന അവസ്ഥകളുമുണ്ടായി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രാബല്യത്തിൽ വന്നതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. സർക്കാർ ആരോഗ്യസംവിധാനങ്ങളിലെ സമഗ്രമാറ്റങ്ങളും ഇതിന് ആക്കംകൂട്ടി. സർക്കാർ ആശുപത്രികളിലെ ആധുനിക ചികിത്സാ സംവിധാനങ്ങളും കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയും ഒന്നിച്ചതോടെ സാധാരണ ജനങ്ങളുടെ ജീവിതത്തിലും കാതലായ മാറ്റങ്ങളുണ്ടായെന്നതിലേക്കാണ് സമീപകാല സംഭവങ്ങൾ വിരൽചൂണ്ടുന്നത്. അരിവാൾ കോശ രോഗബാധിതയാണ് വിനീത മാധവ്. പിതാവ് അരിവാൾ രോഗം ബാധിച്ച് മരിച്ചു. അമ്മയും രണ്ടു സഹോദരന്മാരുമാണ് ഇപ്പോൾ തുണ. രണ്ടു വയസ്സ് മുതൽ രോഗത്താൽ ഏറെ പ്രയാസപ്പെട്ടു. ഏഴുവർഷം കാൽ അനക്കാൻ പോലും കഴിയാതെ കിടന്ന കിടപ്പിലായിരുന്നു. ഒരിക്കലും സാധ്യമല്ലെന്നു കരുതിയ പഠനം പൂർത്തിയാക്കി അഭിഭാഷകയാവണമെന്ന മോഹത്തിന് ചിറകുകൾ നൽകിയിരിക്കയാണ് മാനന്തവാടി ഗവ. മെഡിക്കൽ കോളജ് ആശുപത്രി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഇടുപ്പെല്ലുകളും മാറ്റിവച്ചതോടെ പതിയെ പിടിച്ചുനടക്കാൻ കഴിയുമെന്ന അവസ്ഥയിലേക്ക് വിനീതയെത്തി.

വഞ്ഞോട് സ്വദേശിനി അമ്മിണിയമ്മ മെഡിക്കൽ കോളജ് ആശുപത്രിയിലെ കാത്ത് ലാബിൽ നിന്നാണ് കാരുണ്യ സുരക്ഷാ പദ്ധതിയിലൂടെ പുതു ജീവിതത്തിലേക്ക് നടന്നു കയറിയത്. 2024 ആഗസ്റ്റ് ആറിന് ഹൃദയ സംബന്ധമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതിനെ തുടർന്ന് അമ്മിണിയമ്മയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സെപ്തംബർ 25ന് ആൻജിയോഗ്രാം ചെയ്തു. എന്നാൽ, ആൻജിയോപ്ലാസ്റ്റി നിർബന്ധമാണെന്നു തിരിച്ചറിഞ്ഞപ്പോഴേക്കും അമ്മിണിയമ്മയുടെ കുടുംബം പ്രതിസന്ധിയിലായിരുന്നു. ഈ ശസ്ത്രക്രിയക്ക് മുക്കാൽ ലക്ഷത്തോളം രൂപ ചെലവാകുമെന്നറിയിച്ചപ്പോൾ സാധാരണ കർഷക കുടുംബം പ്രതിസന്ധിയിലായി. ആശങ്ക നിറഞ്ഞ ഈ നിമിഷത്തിലാണ് കാസ്പ് ജീവനക്കാർ അമ്മിണിയമ്മയെയും കുടുംബത്തെയും സന്ദർശിച്ചത്. ശസ്ത്രക്രിയയുടെ ചെലവ് മുഴുവനും കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി മുഖേന സർക്കാർ വഹിക്കുമെന്ന് അവർ അറിയിച്ചു. 'ഇൻഷുറൻസ് ലഭിക്കും' എന്ന വാക്കുകൾ ആ കുടുംബത്തിന് വലിയ ആശ്വാസമായി. സെപ്തംബർ 30ന് ശസ്ത്രക്രിയക്കു വേണ്ടി വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒക്ടോബർ ഒന്നിന് ആൻജിയോപ്ലാസ്റ്റി വിജയകരമായി പൂർത്തിയാക്കി. രോഗിയിപ്പോൾ സുരക്ഷിതയായിരിക്കുന്നു.

ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കിടയിൽ

# വയോധികനെ ആത്മഹത്യയിൽ നിന്ന് രക്ഷിച്ചു



മലപ്പുറം: നൂറുദിന ക്ഷയരോഗ നിർമ്മാർജ്ജന ക്യാമ്പയിന്റെ ഭാഗമായുള്ള ഫീൽഡ് സന്ദർശനത്തിനിടെ ജീവൻ രക്ഷാ പ്രവർത്തനം. ആത്മഹത്യക്ക് ശ്രമിച്ച വയോധികനെ അവസരോചിതമായ ഇടപെടലിലൂടെ ആരോഗ്യപ്രവർത്തകർ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു.

താനൂർ സമൂഹികാരോരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് രമ്യ സനൽ എസ്, എം.എൽ.എസ്.പി ഹാജറ, ആശാവർക്കർ തെസ്ലിന, എന്നിവർ ഗൃഹസന്ദർശനം നടത്തുന്നതിനിടെയാണ് വയോധികന്റെ ആത്മഹത്യാ ശ്രമം ശ്രദ്ധയിൽപ്പെട്ടത്.

തുടർന്ന് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, എന്നിവരെ വിവരം അറിയിക്കുകയും കൗൺസലിംഗ് അടക്കമുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു.

ഒറ്റയ്ക്ക് താമസിക്കുന്ന അദ്ദേഹത്തിന്റെ വീട് ആരോഗ്യ പ്രവർത്തകർ തന്നെ വൃത്തിയാക്കുകയും തകരാറിലായ വൈദ്യുതി സംവിധാനം ശരിയാക്കി നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ മക്കളെയും മറ്റു ബന്ധുക്കളെയും വിവരമറിയിച്ചു. പോലീസ്, സാമൂഹ്യ നീതി വകുപ്പ് , തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവടങ്ങളിലേക്കും വിവരം കൈമാറി വയോധികന് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കിയതിനു ശേഷമാണ് ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം പുനരാരംഭിച്ചത്.

# 304 ക്യാമ്പുകളുമായി മൈഗ്രന്റ് സ്ക്രീനിംഗ് ടീം



എറണാകുളം: ജില്ലയിലെ അതിഥി തൊഴിലാളികൾക്കിടയിൽ ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യദൗത്യവും ചേർന്ന് നടത്തുന്ന അതിഥി ദേവോ ഭവ പ്രൊജക്ടിന്റെ ഭാഗമായി മൈഗ്രന്റ് സ്ക്രീനിംഗ് ടീം 2024ൽ സംഘടിപ്പിച്ചത് 304 ക്യാമ്പുകൾ. അതിഥി തൊഴിലാളികൾക്കിടയിൽ കൃത്യമായ ആരോഗ്യ പരിചരണം ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സ്ക്രീനിംഗ് നടത്തുന്നതിനുമായാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്

11664 പേരെയാണ് ക്യാമ്പുകളിൽ സ്ക്രീനിംഗ് നടത്തിയത്. ജില്ലയിലെ വിവിധ ഭാഗങ്ങളിലായി തൊഴിൽ കേന്ദ്രങ്ങളിൽ ഉൾപ്പെടെ ക്യാമ്പുകൾ സംഘടിപ്പിച്ചു. മിക്ക ക്യാമ്പുകളും തൊഴിലാളികളുടെ സൗകര്യാർത്ഥം രാത്രികളിലാണ് സംഘടിപ്പിച്ചത്. ജില്ലാ വെക്ടർ യൂണിറ്റും ആരോഗ്യസ്ഥാപനങ്ങളും നടത്തുന്ന ക്യാമ്പുകൾക്ക് പുറമെയാണിത്.

സ്ക്രീനിംഗുകളിൽ എന്തെങ്കിലും രോഗങ്ങൾ ഉള്ളവരെ കണ്ടെത്തിയാൽ ആവശ്യമായ ചികിത്സ സൗജന്യമായി ഉറപ്പുവരുത്തും.

അതിഥി തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന മൈഗ്രന്റ് ലിങ്ക് വർക്കർമാരുടെ സേവനം കൂടി ഈ പ്രവർത്തനങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. എ.എം.ആർ ഉൾപ്പെടെ ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിലുള്ള ബോധവത്കരണക്ലാസുകളും പ്രചരണപരിപാടികളും ക്യാമ്പുകളിൽ സംഘടിപ്പിക്കാറുണ്ട്.

# വരാതെ നോക്കാം മഞ്ഞപ്പിത്തം

വേനൽക്കാലമായതോടെ പലതരത്തിലുള്ള ജലജന്യ രോഗങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ക്ലോറിനേഷൻ ചെയ്യാത്ത വെള്ളം ഉപയോഗിക്കുന്നതും വ്യക്തി ശുചിത്വം പാലിക്കാത്തതും മഞ്ഞപ്പിത്തം സങ്കീർണ്ണമാക്കുകയും പലപ്പോഴും രോഗി മരണപ്പെടാൻ കാരണമാകുകയും ചെയ്യുന്നു. കണ്ണൂർ ജില്ലയിൽ അടുത്തിടെയുായ മഞ്ഞപിത്ത വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, ജില്ലാ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനകളെയും സ്വീകരിച്ച നടപടികളെയും കുറിച്ച് കണ്ണൂർ ജില്ലാ സർവൈലൻസ് ഓഫീസറും ഡെപ്യൂട്ടി ഡി.എം.ഒയും കൂടിയായ ഡോ. കെ. സി സച്ചിൻ തയ്യാറാക്കിയ ലേഖനം.



## മഞ്ഞപ്പിത്തത്തെ സംബന്ധിച്ച ചില തെറ്റായ ധാരണകൾ

**അബദ്ധ ധാരണ 1 :–** ആശുപത്രികളിൽ കേസുകൾ കുറവാണ് അതുകൊണ്ടു തന്നെ മഞ്ഞപ്പിത്ത വ്യാപനം ഇല്ല.

ഹെപ്പറ്റൈറ്റിസ് അഥവാ മഞ്ഞപ്പിത്തം എന്നുള്ളത് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കേണ്ട ഒരു രോഗമല്ല. ലക്ഷണങ്ങൾ അനുസരിച്ചുള്ള മരുന്നുകൾ കഴിക്കുകയും വീട്ടിൽ തന്നെ തുടർച്ചയായി രണ്ടാഴ്ചയോളം വിശ്രമിക്കുകയും രോഗസങ്കീർണതകൾ ഉണ്ടെങ്കിൽ മാത്രം ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ചെയ്യേണ്ട രോഗമാണ്. അതുകൊണ്ട് ആശുപത്രിയിൽ കേസുകൾ കുറവും വീടുകളിൽ കൂടുതലും ആയിരിക്കും.

**അബദ്ധ ധാരണ 2 :–** ഇ–കോളി എന്നുള്ള ബാക്ടീരിയ ആണ് മഞ്ഞപ്പിത്തം അഥവാ ഹെപ്പടൈറ്റിസ് ഉണ്ടാക്കുന്നത്.

മഞ്ഞപ്പിത്തം ബാക്ടീരിയ മൂലമുണ്ടാകുന്ന ഒരു രോഗം അല്ല. ഹെപ്പടൈറ്റിസ് വൈറസ് ആണ് രോഗകാരണമാകുന്നത്.

**അബദ്ധ ധാരണ 3 :–** വൈറസിനെ വെള്ളത്തിൽ നിന്നും വേർതിരിച്ച് എടുത്താൽ മാത്രമേ ആ വെള്ളത്തിൽ നിന്നുമാണ് മഞ്ഞപ്പിത്ത ബാധ ഉണ്ടായത് എന്ന് സ്ഥിരീകരിക്കാൻ സാധിക്കൂ.

വെള്ളത്തിൽ നിന്നും വൈറസിനെ വേർതിരിച്ചെടുത്ത് ടെസ്റ്റ് ചെയ്യുക എന്നത് ഏറെ പ്രയാസവും വിഷമകരവുമാണ്. അത് കൊണ്ട് തന്നെ വൈറസിന്റെ സാന്നിധ്യം തെളിയിക്കാനുള്ള ടെസ്റ്റ് നടത്താറില്ല.

**അബദ്ധ ധാരണ 4 :–** വെള്ളം ടെസ്റ്റ് ചെയ്ത് വൈറസിനെ കിട്ടിയില്ല എങ്കിൽ ആ വെള്ളത്തിന് പ്രശ്നമില്ല.

രോഗബാധിതരുടെ മലം കുടിവെള്ളസ്രോതസിൽ ഇടകലരുകവഴിയാണ് കുടിവെള്ളത്തിൽ രോഗകാരിയായ വൈറസെത്തുന്നത്. പക്ഷേ വെള്ളത്തിൽ മലത്തിന്റെ അംശം കലർന്നിട്ടുണ്ടോ എന്നറിയാൻ വെള്ളത്തിൽ നിന്നും മലത്തെ വേർതിരിക്കുകയല്ല പകരം മനുഷ്യന്റെ കുടലിൽ വളരുന്ന ഇ–കോളി ബാക്ടീരിയ ഉണ്ടോ എന്നാണ് സ്ഥിരീകരിക്കേണ്ടത്. ഇ–കോളി ബാക്ടീരിയയുടെ സാന്നിധ്യം ജലത്തിൽ മലം കലർന്നിട്ടുണ്ട് എന്നുള്ളതിനെ സൂചിപ്പിക്കുന്നു.

**അബദ്ധ ധാരണ 5 :–** വാട്ടർ ടാങ്കിലും ലോറികളിലും ഗുഡ്സ് ഓട്ടോയിലും സപ്ലൈ ചെയ്യുന്ന വെള്ളത്തിൽ ഒരു തവണ ടെസ്റ്റ് ചെയ്യുമ്പോൾ ഇ–കോളിയെ കണ്ടെത്തിയില്ല എങ്കിൽ പിന്നെ ആ വെള്ളം എപ്പോഴും കുടിക്കുവാൻ ഉപയോഗിക്കാം.

ഇത്തരത്തിൽ ലഭ്യമാകുന്ന വെള്ളം എപ്പോൾ ഉപയോഗിച്ചാലും ക്ലോറിനേറ്റ് ചെയ്തോ തിളപ്പിച്ചാറിയോ മാത്രം ഉപയോഗിക്കുക.

**അബദ്ധ ധാരണ 6 :–** 'ഞാൻ ഉപയോഗിക്കുന്നത് വാട്ടർ ഫിൽട്ടറിലെ വെള്ളം ആണ്. അത് കൊണ്ട് കുഴപ്പം ഇല്ല.'

വൈറസിനെ നശിപ്പിക്കുന്നതിൽ സാധാരണ വാട്ടർ ഫിൽട്ടറുകൾക്കു കാര്യമായി ഒന്നും ചെയ്യാനില്ല. അൾട്രാ വയലറ്റ് ഫിൽട്ടറുകൾക്ക് മാത്രമേ ചെറിയരീതിയിലെങ്കിലും വൈറസിനെ നശിപ്പിക്കാൻ സാധിക്കൂ. മാത്രമല്ല അത്തരത്തിലുള്ള ഫിൽറ്ററുകൾ പ്രവർത്തനക്ഷമവുമായിരിക്കണം.


## മഞ്ഞപ്പിത്തം പടരുന്നത് പ്രധാനമായും രണ്ട് രീതിയിലാണ്.

1 രോഗിയുടെ മലത്തിലൂടെയാണ് വൈറസ് പുറത്തേക്കെത്തുന്നത്. വൈറസ് അടങ്ങിയ ഈ മലം ഏതെങ്കിലും കാരണവശാൽ കുടിവെള്ള സ്രോതസ്സുമായി കലരുകയാണെങ്കിൽ അതിൽ ആ വൈറസ് കാലങ്ങളോളം ജീവിച്ചിരിക്കും. പിന്നീട് ആ വെള്ളം തിളപ്പിക്കാതെ കുടിക്കുകയാണെങ്കിൽ വൈറസ് മറ്റുള്ളവരുടെ ശരീരത്തിലേക്കും കടക്കുകയും രോഗം പകരുകയും ചെയ്യും.

2 വൃത്തിഹീനമായ ജീവിതശൈലിയും വ്യക്തിശുചിത്വമില്ലായ്മയുമാണ് രോഗപ്പകർച്ചയ്ക്ക് കാരണമാകുന്ന മറ്റൊരു വഴി. അതായത് മലവിസ്സർജനത്തിന് ശേഷം സോപ്പിട്ട് കൈകൾ വൃത്തിയാക്കിയില്ലായെങ്കിൽ കയ്യിൽ മലത്തിന്റെ അംശം പറ്റിപ്പിടിച്ചിരിക്കാം. ഇതിലൂടെ പുറത്ത് എത്തുന്ന വൈറസ് പിന്നീട് ഈ രോഗി ഇടപഴകുന്ന ആൾക്കാരിലേക്ക് എത്തുകയും അങ്ങനെ രോഗപ്പകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നു.



**രോഗലക്ഷണങ്ങൾ** ആരംഭിക്കുന്നതിന് ഒരാഴ്ച മുന്നേ മുതൽ രോഗലക്ഷണങ്ങൾ പ്രകടമായി രണ്ടാഴ്ചവരെയുള്ള കാലയളവിൽ അസുഖബാധിതനായ വ്യക്തിയുടെ മലത്തിലൂടെ വൈറസ് പുറന്തള്ളപ്പെടുന്നു. ഈ സമയം അയാൾ മറ്റുള്ളവരുമായി ഇടപെടുമ്പോൾ വൈറസ് പകരുകയും അങ്ങനെ അയാളുടെ വീട്ടിലും, ജോലി സ്ഥലത്തും, സന്ദർശിക്കാറുള്ള ജിം പോലെയുള്ള പൊതുഇടങ്ങളിലുമെല്ലാം അയാളുമായി ഇടപഴകുന്നവർക്ക് രോഗം പകരുകയും ചെയ്യുന്നു. അതായത് ഏതെങ്കിലും തരത്തിൽ മലിനമായ ജലം കുടിച്ചതിലൂടെ മഞ്ഞപ്പിത്തം ബാധിച്ച ഒരു രോഗി, വീട്ടിൽ ഉള്ള മറ്റുള്ളവർക്ക് രോഗം പകർന്നു നൽകുന്നത് അയാളുടെ വൃത്തിഹീനമായ ശീലം കാരണമാണ് എന്നാണ് കണ്ടെത്തിയിട്ടുള്ളത്.



## ആരോഗ്യവകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ

1. വീട്ടിൽ എപ്പോഴും തിളപ്പിച്ച വെള്ളം മാത്രം കുടിക്കുക. പച്ച വെള്ളം കുടിക്കാതിരിക്കുക. ഫ്രിഡ്ജിൽ വെള്ളം നിറച്ചു വെക്കുമ്പോഴും അത് തിളപ്പിച്ചാറിയ വെള്ളം ആണെന്ന് ഉറപ്പു വരുത്തുക.

2. വാട്ടർ ഫിൽട്ടറുകളിലെ വെള്ളവും നേരിട്ട് കുടിവെള്ളം ആയി ഉപയോഗിക്കാതെ ഇരിക്കുന്നതാണ് ഉത്തമം. അല്ലെങ്കിൽ വാട്ടർ ഫിൽട്ടറുകളിലെ വെള്ളം എടുത്തു വാട്ടർ അതോറിറ്റിയിൽ പരിശോധിച്ച് അതിൽ മാലിന്യം ഇല്ല എന്ന് കൃത്യമായ ഇടവേളകളിൽ ഉറപ്പ് വരുത്തുക.

3. പുറത്തു പോകുമ്പോൾ എപ്പോഴും ഒരു കുപ്പിയിൽ കുടിവെള്ളം കരുതുക. ആവശ്യമെങ്കിൽ ആ വെള്ളം മാത്രം കുടിക്കുക

4. ഹോട്ടലുകൾ, ജ്യൂസ് കടകൾ എന്നിവിടങ്ങളിൽ നിന്നും കുടിക്കുന്ന പാനീയങ്ങൾ തയ്യാറാക്കുന്നതിനായി തിളപ്പിച്ചാറ്റിയ വെള്ളമാണുപയോഗിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക. അല്ലെങ്കിൽ മറ്റു പാനീയങ്ങൾ ഒന്നും തന്നെ കുടിക്കാതിരിക്കുക.

5. ഒരു മഞ്ഞപ്പിത്ത രോഗി അയാളുടെ മഞ്ഞപ്പിത്ത രോഗ ലക്ഷണങ്ങൾ കാണിക്കുന്നതിന് ഒരാഴ്ച മുൻപേ തന്നെ അയാളുടെ മലത്തിലൂടെ അയാൾ വൈറസിനെ പുറന്തള്ളാൻ ആരംഭിക്കും. അതുകൊണ്ടു തന്നെ അയാൾ കക്കൂസിൽ പോയി വന്ന ശേഷം സോപ്പിട്ടു കൈ കഴുകിയില്ല എങ്കിൽ മറ്റുള്ളവർക്ക് ഹസ്തദാനം കൊടുക്കുകയോ അല്ലെങ്കിൽ മറ്റു പ്രതലത്തിൽ സ്പർശിക്കുകയോ ചെയ്യുമ്പോൾ അതിലേക്ക് വൈറസിനെ വ്യാപിപ്പിക്കും.

6. രോഗം ബാധിച്ച ആളുമായി സമ്പർക്കത്തിൽ വന്ന ശേഷം കൈകൾ ശുചിയാക്കാതെ ഭക്ഷണം കഴിക്കുമ്പോൾ മറ്റുള്ളവരുടെ ശരീരത്തിലേക്കും വൈറസ് വ്യാപിക്കുന്നു. അതുകൊണ്ടു തന്നെ പൊതുസ്ഥലങ്ങളിൽ പോയിവരികയോ അല്ലെങ്കിൽ മറ്റുള്ളവരുമായി ഇടപഴകുകയോ ചെയ്തതിനു ശേഷം ഭക്ഷണം കഴിക്കേ അവസ്ഥ വരികയാണെങ്കിൽ നിർബന്ധമായും സോപ്പിട്ട് കൈകഴുകിയതിനു ശേഷം മാത്രം ഭക്ഷണം കഴിക്കുക.

8. മലത്തിലൂടെ പുറത്തേക്ക് പോകുന്ന വൈറസ് പുറത്തുള്ള പ്രതലത്തിൽ ഏറെനേരം ജീവിച്ചിരിക്കും. അതുകൊണ്ടു തന്നെ ശുചിമുറികൾ വളരെയധികം വൃത്തിയോടെ സൂക്ഷിക്കുക.

9. ശുചിമുറി ഉപയോഗിച്ചതിനു ശേഷം നിർബന്ധമായും കൈകൾ സോപ്പിട്ടു കഴുകുക. അങ്ങനെ കൈയിൽ പിടിച്ചിരിക്കാൻ സാധ്യതയുള്ള വൈറസിനെ നശിപ്പിക്കാം.

10. മഞ്ഞപ്പിത്ത രോഗിയായിട്ടുള്ളവർ നിർബന്ധമായും 2 ആഴ്ച മറ്റുള്ളവരുമായി ഇടപഴകാതെ ഐസോലേഷനിൽ കഴിയുക. അല്ലെങ്കിൽ അവരിലൂടെ മറ്റുള്ളവരിലേക്ക് രോഗം പകരും.

11. കുടിവെള്ളത്തിന്റെ അഭാവം കാരണം സ്വകാര്യ കുടിവെള്ള വിതരണക്കാരുടെ പക്കൽ നിന്നും കുടിവെള്ളം എടുക്കുകയാണെങ്കിൽ അത് ശുദ്ധീകരിച്ചതിനു ശേഷമോ ക്ലോറിനേഷൻ ചെയ്തതിനു ശേഷം മാത്രമോ ഉപയോഗിക്കുക. അവർ ലഭ്യമാക്കുന്ന കുടിവെള്ള ടെസ്റ്റ് റിപ്പോർട്ടുകളുടെ സാധുതയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

13. പലപ്പോഴും ആരോഗ്യവകുപ്പ് അധികൃതരുടെ മേൽനോട്ടത്തിൽ അല്ലാതെ ക്ലോറിനേഷൻ ചെയ്ത മറ്റേതെങ്കിലും കിണറുകളിൽ നിന്നോ അല്ലെങ്കിൽ കിണറുകളിൽ അമിതമായി ബ്ലീച്ചിങ് പൗഡർ കലർത്തിയതിനു ശേഷം എടുക്കുന്ന വെള്ളമോ ആണ് ടെസ്റ്റ് ചെയ്യാൻ ആയിട്ട് ഉപയോഗിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് അധികൃതരുടെ സാന്നിധ്യത്തിലും മേൽനോട്ടത്തിലും തന്നെ വെള്ളം പരിശോധിക്കാൻ എടുക്കണമെന്ന് കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്.

14. അതുപോലെ തന്നെ സ്വകാര്യ കുടിവെള്ള വിതരണക്കാരുടെ പക്കൽ നിന്നും വാങ്ങുന്ന വെള്ളം ഉപയോഗിക്കുന്നവർ തങ്ങൾക്ക് ലഭിക്കുന്ന കുടിവെള്ളത്തിന്റെ സ്രോതസ്സ് ഏതാണ് എന്നുകൂടി ഈ അന്വേഷിക്കേതാണ്. പലപ്പോഴും കിണറുകൾക്ക് പകരം തോടുകളോ മറ്റ് മലിനമായ ജലാശയങ്ങളിൽ നിന്നോ കുടിവെള്ളം വിതരണത്തിന് എടുക്കുന്നതായി കെത്തിയിട്ടു്. ഇതിനെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

# കുട്ടി ഡോക്ടർമാർ വിദ്യാലയങ്ങളിലേക്ക്



തൃശൂർ: പിയർ എഡ്യൂക്കേറ്റർ (കുട്ടി ഡോക്ടർ)മാരുടെ പരിശീലന പരിപാടി ആരംഭിച്ചു. വിദ്യാലയങ്ങളിൽ ആരോഗ്യ സംബന്ധമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കുട്ടി ഡോക്ടർമാർ ഒരുങ്ങുന്നു. ആദ്യഘട്ടമായി ജില്ലയിലെ 4 ബ്ലോക്കുകളിൽ (പെരിഞ്ഞനം, തളിക്കുളം, വെള്ളാനിക്കര, എരുമപ്പെട്ടി) നിന്നും തിരഞ്ഞെടുക്കപ്പെട്ട 200 വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകി സജ്ജരാക്കുക. പരിശീലന പരിപാടിയുടെ ആദ്യഘട്ടം ജില്ലാതലത്തിലും പിന്നീട് ബ്ലോക്കുതലത്തിലുമാണ് സംഘടിപ്പിക്കുക.

ജില്ലാതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ്സ് പ്രിൻസ് നിർവഹിച്ചു. കുട്ടി ഡോക്ടർമാരെ ബാഡ്ജ് അണിയിക്കുകയും, പിയർ എഡ്യൂക്കേറ്റർ കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ റോസി അധ്യക്ഷത വഹിച്ചു. തൃശ്ശൂർ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സജീവ് കുമാർ പി വിഷയാവതരണം നടത്തി. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ റെജി ജോയ്, എം.സി.എച്ച് ഓഫീസർ ഇൻ ചാർജ് റൂബി പി.എ എന്നിവർ ആശംസകളേകി. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ മിനി വി.കെ സ്വാഗതമേകി. ആർദ്രം നോഡൽ ഓഫീസർ ഡോ ശ്രീജിത്ത് എച്ച് ദാസ് നന്ദിയർപ്പിച്ചു. ജില്ലാതല പരിശീലന പരിപാടിയിൽ കുട്ടി ഡോക്ടർമാരുടെ ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച ക്ലാസ്സ്, ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ്, ലഹരി വിരുദ്ധ വിഷയത്തിൽ മാജിക്ക് ഷോ, വെൻട്രിലോക്കിസം, വിവിധ ബോധവത്ക്കരണ ഗേമുകൾ, റോൾ പ്ലേ എന്നിവയായിരുന്നു പ്രധാന പരിപാടികൾ.

ജില്ലാതലത്തിന് ശേഷം 6 ഘട്ടമായി ബ്ലോക്ക്തലത്തിൽ പരിശീലനം പൂർത്തീകരിക്കുന്നവരാണ് കുട്ടി ഡോക്ടർമാരായി സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുന്നത്.